25.01.2025
RNI. No. KERMAL/2002/09730
Pages 8
Rs. 10.00 per copy

www.sdpathram.com

സ്വർഗീയധ്വനി

ക്രിസ്തീയ പത്രം

Vol. 26
Issue 1 & 2

കുമ്പനാട് കൺവൻഷനെ അനുഗ്രഹ സമാപനം

ക്രിസ്തുവിന്റെ മടങ്ങി വരവിനായി സഭ ഒരുങ്ങണം: പാസ്റ്റർ വത്സൻ ഏബ്രഹാം

കുമ്പനാട്: യേശുക്രിസ്തുവിന്റെ മടങ്ങി വരവിനായി പ്രതീക്ഷയോടെ കാത്തിരിക്കുകയും ലോക സമാധാനത്തിനായി പ്രവർത്തിക്കുകയും പ്രാർഥിക്കുകയും ചെയ്യണമെന്ന ആഹ്വാനത്തോടെ ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ 101–ാമത് ജനറൽ കൺവൻഷൻ കുമ്പനാട് ഹെബ്രോൻപുരത്ത് സമാപിച്ചു.

ജനുവരി 12ന് ഐപിസി ജനറൽ പ്രസിഡന്റ് പാസ്റ്റർ ഡോ. ടി. വത്സന് ഏബ്രഹാം ഉദ്ഘാടനം ചെയ്ത കൺവൻഷൻ കർത്തൃമേശയോടും സംയുക്ത ആരാധനയോടും കൂടി സമാപിച്ചു. രാവിലെ ആയിരങ്ങൾ പങ്കെടുത്ത കർത്തൃമേശയ്ക്ക് പാസ്റ്റർ ഡോ. ടി. വത്സൻ ഏബ്രഹാം നേതൃത്വം നൽകി. പാസ്റ്റർമാരായ ജോൺ റിച്ചാർഡ്, ഡോ. സാജു ജോസഫ്, വർഗീസ് മത്തായി എന്നിവർ വേദഭാഗങ്ങൾ വായിച്ചു. ഐപിസി ജനറർ ജോയിന്റെ സെക്രട്ടറി പാസ്റ്റർ തോമസ് ജോർജ് തിരുവചന ശുശ്രൂഷ നിർവഹിച്ചു.

തുടർന്ന് നടന്ന പൊതുയോഗത്തിൽ പാസ്റ്റർ ഡോ. ബേബി വർഗീസ് (ഐപിസി ജനറൽ സെക്രട്ടറി), പാസ്റ്റർ രാജു മെത്ര എന്നിവർ വചനശുശ്രൂഷ നിർവഹിച്ചു. ഐപിസി സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ബെഞ്ചമിൻ വർഗീസിന്റെ പ്രാർഥനയോടും ആശിർവാദത്തോടും കൂടി മഹായോഗം സമാപിച്ചു.

ഒരാഴ്ചത്തെ ആത്മിയ സംഗമത്തിൽ പാസ്റ്റർ ഡോ. വത്സൻ ഏബ്രഹാം (ഐപിസി ജനറൽ പ്രസിഡന്റ്), പാസ്റ്റർ ഫിലിപ്പ് പി. തോമസ് (ഐപിസി ജനറൽ വൈസ്പ്രസിഡന്റ്), പാസ്റ്റർ ബേബി. വർഗീസ് (ഐപിസി ജനറൽ സെക്രട്ടറി), പാസ്റ്റർ തോമസ് ജോർജ് (ഐപിസി ജനറൽ ജോ. സെക്രട്ടറി) എന്നിവരെ കൂടാതെ പാസ്റ്റർമാരായ ഡോ. കെ.സി. ജോൺ, വി.ജെ. തോമസ്, രാജു ആനിക്കാട്, ജോൺ കെ. മാത്യു, സണ്ണി ഫിലിപ്പ്, ഷാജി ഡാനിയേൽ, സാബു വർഗീസ്, വിത്സൻ വർക്കി. വിത്സൻ ജോസഫ്, രാജു മേത്ര, ജെയിംസ് ജോർജ്, സണ്ണി കുര്യൻ, കെ.ജെ. തോമസ്, എം.എസ്, സാമുവേൽ, ബാബു ചെറിയാൻ എന്നിവർ വചന പ്രഘോഷണം നിർവഹിച്ചു. 'എബനേസർ-യഹോവ യിരെ' എന്നതായിരുന്നു ചിന്താവിഷയം. കൺവൻഷൻ ക്വയറിനോടൊപ്പം പ്രശസ്ത ഗായകർ ആരാധനയ്ക്ക് നേതൃത്വം നൽകി.

കൺവൻഷനോടനുബന്ധിച്ച് പ്രഭാത പ്രാർഥന, ബൈബിൾ പഠനം, പൊതുയോഗങ്ങൾ, പിവൈപിഎ, സണ്ടേസ്കൂൾ, വുമൺസ് ഫെലോഷിപ്പ് വാർഷിക യോഗങ്ങൾ, മിഷനറി സമ്മേളനം, ഹിന്ദി യോഗങ്ങൾ, യുവജന സമ്മേളനം എന്നിവ നടന്നു. 102–ാമത് കുമ്പനാട് കൺവൻഷൻ 2026 ജനു. 11–18 വരെ കുമ്പനാട് ഹെബ്രോൻ പുരത്ത് നടക്കും.

ഗാനശുശ്രൂഷയും ഭക്ഷണവും ഏറെ മികവ് പുലർത്തി

ഈ വർഷത്തെ കുമ്പനാട് കൺവൻഷനിൽ ഏറെ ശ്രദ്ധേയമായിരുന്നു ബ്രദർ സ്റ്റാൻലി ജോണിന്റെ നേതൃത്വത്തിലുള്ള കൺവൻഷൻ ക്വയർ. കൂടാതെ ഇമ്മാനുവേൽ കെ.ബി.യുടെയും ദയാനിധി റാവുവിന്റെയും നേതൃത്വത്തിലുള്ള മ്യൂസിക് ഫെസ്റ്റും ഗാനശുശ്രൂഷയും അഭിനന്ദനാർഹമായിരുന്നു.

പരാതികളില്ലാത്ത ഭക്ഷണ ക്രമീകരണങ്ങൾ മികവുറ്റതായിരുന്നു. മുൻ വർഷങ്ങളിൽ ഭക്ഷണത്തെ സംബന്ധിച്ച് നിരവധി പരാതികൾ ഉണ്ടായിരുന്നു. എന്നാൽ ഈ വർഷം ബ്ലസൻ ബാബുവിന്റെയും റോണിയുടെയും നേതൃത്വത്തിലുള്ള അടൂർ ഫുഡ് പ്ലാനെറ്റ് ഒരുക്കിയ ഭക്ഷണം കഴിച്ച് തൃപ്തരായിട്ടാണ് വിശ്വാസ സമൂഹം മടങ്ങിയത്.

അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് ജനറൽ കൺവൻഷൻ ജനുവരി 27 മുതൽ

അടൂർ–പറന്തൽ: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ 2025 ജനുവരി 27 തിങ്കൾ മുതൽ ഫെബ്രുവരി 2 ഞായർ വരെ അടൂർ–പറന്തൽ അസംബ്ലിസ് ഓഫ് ഗോഡ് കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും.

ജനുവരി 27 തിങ്കൾ വൈകിട്ട് ആറിനു നടക്കുന്ന പൊതു സമ്മേളനത്തിൽ അസംബ്ലിസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് സൂപ്രണ്ട് റവ.റ്റി ജെ സാമുവേൽ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ടി ജെ ശാമുവേൽ, ഡോ.ഐസക് ചെറിയാൻ, പാസ്റ്റർ ജോർജ് പി ചാക്കോ, ക്യാപ്റ്റൻ സ്റ്റാൻലി ജോർജ്, പാസ്റ്റർ കെ.സി.ജോൺ, ഡോ.ഷിബു തോമസ് ഒക്ലഹോമ, ഡോ. രാജൻ ജോർജ്, പാസ്റ്റർ ജോൺ തോമസ്, ഡോ. ജോസഫ് ഡാനിയേൽ, പാസ്റ്റർ എബ്രഹാം ഉണ്ണൂണ്ണി, സുവി.പി.ജി.വർഗീസ്, ഡോ.എ.കെ.ജോർജ് എന്നിവർ മുഖ്യപ്രഭാഷകരാണ്. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് അസിസ്റ്റന്റ് സൂപ്രണ്ട് ഡോ. ഐസക് വി മാത്യു, സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, ട്രഷറാർ പാസ്റ്റർ പി കെ ജോസ്, കമ്മിറ്റിയംഗം പാസ്റ്റർ ബാബു വർഗീസ് തുടങ്ങിയവർ ഉൾപ്പെടെയുള്ള ദൈവദാസൻമാർ വിവിധ യോഗങ്ങളിൽ പ്രസംഗിക്കും.

ഡിസ്ട്രിക്ട് ഭാരവാഹികളായ പാസ്റ്റേഴ്സ് തോമസ് ഫിലിപ്പ്, പി.കെ.ജോസ്, ബാബു വർഗീസ് മേഖലാ ഡയറക്ടർമാരായ പാസ്റ്റേഴ്സ് ജെ.സജി, എം.ടി. സൈമൺ, ആർ.സനൽകുമാർ എന്നിവർ രാത്രിയോഗങ്ങളിൽ അദ്ധ്യക്ഷൻമാരാകും. പകൽ യോഗങ്ങളിൽ പാസ്റ്റർമാരായ പി.സി.ജോൺ, ടി.എ.വർഗീസ്, ജോൺസൻ ജി സാമുവേൽ തുടങ്ങിയവരും സന്ദേശങ്ങൾ നല്കും. പാസ്റ്റർ സുനിൽ സോളമൻ നേതൃത്വം നൽകുന്ന അസംബ്ലിസ് ഓഫ് ഗോഡ് ക്വയർ ഗാനശുശ്രൂഷ നയിക്കും.

പകൽ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ പ്രത്യേക യോഗങ്ങളും വൈകിട്ട് 6 മുതൽ 9 വരെ പൊതുയോഗങ്ങളും നടക്കും. ചൊവ്വ,ബുധൻ, വ്യാഴം ദിവസങ്ങളിൽ പകൽ ശുശ്രൂഷകൻമാർക്കുള്ള സെമിനാറുകളാണ്. ഉപദേശപരമായ വിഷയങ്ങളിലും പൊതുവായ വിഷയങ്ങളിലും ക്ലാസുകൾ ക്രമീകരിച്ചിട്ടുണ്ട്. ബുധൻ രാവിലെ ബഥേൽ ബൈബിൾ കോളേജ് പൂർവ്വ വിദ്യാർത്ഥി സമ്മേളനവും ശുശ്രുഷക സമ്മേളനവും നടക്കും.

ഉച്ചകഴിഞ്ഞ് മിനിസ്റ്റേഴ്സ് സെമിനാർ, വിദ്യാഭ്യാസ സെമിനാർ എന്നിവ നടക്കും. വിദ്യാർത്ഥികൾ, രക്ഷിതാക്കൾ തുടങ്ങിയവർക്കും പ്രസ്തുത സെമിനാറിൽ സംബന്ധിക്കാവുന്നതാണ്. ബുധനാഴ്ച സെമിനാറിനു ശേഷം വൈകിട്ട് നാലിന് പുതിയതായി നിർമ്മിക്കുന്ന ഓഫീസ് കോംപ്ലക്സിന്റെ തറക്കല്ലിടീൽ സഭാ സൂപ്രണ്ട് പാസ്റ്റർ ടി.ജെ. സാമുവേൽ നിർവ്വഹിക്കും.

ശനിയാഴ്ച രാവിലെ 9 ന് സൺഡേ സ്കൂൾ വാർഷിക സമ്മേളനവും ഉച്ചയ്ക്ക് 2 ന് ക്രൈസ്റ്റ് അംബാസിഡേഴ്സ് (യുവജന വിഭാഗം) വാർഷിക സമ്മേളനവും നടക്കും. ഫെബ്രുവരി 2 ഞായർ രാവിലെ 9 മണിക്ക് പൊതുസഭായോഗം ആരംഭിക്കും. തിരുവത്താഴ ശുശ്രൂഷയോടെ കൺവൻഷൻ സമാപിക്കും.

പാസ്റ്റർ ടി.ജെ.സാമുവേൽ ചെയർമാനും പാസ്റ്റർ തോമസ് ഫിലിപ്പ് ജനറൽ കൺവീനറും ആയി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. മുൻവർഷങ്ങളെക്കാൾ വിപുലമായ ക്രമീകരണങ്ങളാണ് ഈ വർഷം നടത്തിയിരിക്കുന്നത്.

തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള 8 റവന്യൂ ജില്ലകൾ ഉൾപ്പെടുന്നതാണ് അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ.

ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് കൺവൻഷന് തുടക്കമായി

ജയകരമായ ജീവിതം ക്രിസ്തുവിലൂടെ: പാസ്റ്റർ വൈ റെജി

തിരുവല്ല: ജയകരമായ ജീവിതം ക്രിസ്തുവിലുള്ള ധൈര്യമാണെന്ന് ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ വൈ. റെജി. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 102–ാ മത് ജനറൽ കൺവെൻഷൻ തിരുവല്ലയിൽ ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ആധ്യാത്മികമായ വെല്ലുവിളികളെ നേരിടാനും വിശ്വാസം സംശുദ്ധമായി സംരക്ഷിക്കാനും അടിയുറച്ച ക്രിസ്തുദർശനം ആവശ്യമാണെന്നും 'ക്രിസ്തുവിൽ പൂർണ്ണ ജയാളികൾ' എന്ന കൺവൻഷൻ തീം അടിസ്ഥാനമാക്കി അദ്ദേഹം ഉത്ഘാടന പ്രസംഗത്തിൽ പറഞ്ഞു. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ഡോ. ഷിബു കെ. മാത്യു അധ്യക്ഷത വഹിച്ചു. ഡോ. ഷാജി ഡാനിയേൽ (ഹ്യൂസ്റ്റൺ) മുഖ്യ പ്രഭാഷണം നടത്തി. പാസ്റ്റർ സാംകുട്ടി മാത്യു, പാസ്റ്റർ കെ വി ജോയിക്കുട്ടി, പാസ്റ്റർ ലൈജു നൈനാൻ, പാസ്റ്റർ പി.എ. ജെറാൾഡ്, പാസ്റ്റർ ജോൺസൺ ഡാനിയേൽ, ബ്രദർ സി.പി. വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു. കൺവൻഷന്റെ ഭാഗമായി ബൈബിൾ ക്ലാസ്, പാസ്റ്റേഴ്സ് കോൺഫറൻസ്, മിഷനറി സമ്മേളനം, ഉണർവ്വ് യോഗം, ബൈബിൾ കോളജുകളുടെ ബിരുദദാന സമ്മേളനം, പുത്രികാ സംഘടനകളുടെ വാർഷിക യോഗം, പൊതുയോഗം എന്നിവ നടക്കും. 26 ന് രാവിലെ 8 ന് നടക്കുന്ന തിരുവത്താഴ ശുശ്രൂഷയോടും പൊതു യോഗത്തോടും കൂടി പൊതുയോഗം സമാപിക്കും.

വായനക്കാരുടെ അടിയന്തിര ശ്രദ്ധയ്ക്ക്

സ്വർഗിയധ്വനി വരിസംഖ്യ ഇതുവരെയും നൽകിയിട്ടില്ലാത്ത വായനക്കാർ നിങ്ങളുടെ കുടിശ്ശിക ഉടനെ ഓഫീസിലേക്ക് അയക്കുകയോ, ഇതോടൊപ്പമുള്ള ക്യു – ആർ കോഡ് സ്കാൻചെയ്ത് അടക്കുകയോ ചെയ്ത് ഈ ശുശ്രൂഷയിൽ പങ്കാളിയാകുമല്ലോ!

UPI ID: finnypmathew@okaxis

A/C No. 10420200004867, IFSC Code: FDRL 0001042, Federal Bank, Adoor.
Google Pay No. 9447593865. Name : Finny P Mathew

സുവിശേഷത്തിന്റെ സമാന്തര രേഖകൾ
▪ അദ്ധ്യായം 10 ▪

മഹത്വം മരിച്ചവർക്കോ ജീവിച്ചിരിക്കുന്നവർക്കോ..?

സജി പീച്ചി

ജനന ദിനത്തെക്കാൾ ഉൽകൃഷ്ടമാണ് മരണദിനം. വിരുന്നുവീട്ടിൽ പോകുന്നതിനെക്കാൾ നല്ലത് വിലാപ ഭവനത്തിൽ പോകുന്നതെന്നാണ് ശലോമോന്റെ ഭാഷ്യം. പെന്തകോസ്ത് സഭാ വിശ്വാസികളുടെ മരണത്തോടനുബന്ധിച്ചുള്ള സംസ്ക്കാര ശുശ്രൂഷകൾ ഏറെ വ്യത്യസ്തമായാണ് നടന്നു വരുന്നത്. പരേതന്റെ വേർപാടിനോടുള്ള ബന്ധത്തിൽ ഭവനത്തിലും ശ്മശാനത്തിലും നടക്കുന്ന വചന ശുശ്രൂഷകൾ പലരുടെയും മാനസാന്തരത്തിന് കാരണമായിട്ടുണ്ട്. എന്നാൽ ഇന്ന് ഭവനവുമായി സ്വന്തമോ ബന്ധമോ യാതൊരു പുലബന്ധവുമില്ലാത്തവർ വന്ന് പരേതാത്മാവിന് ആദരാഞ്ജലികളും അനുശോചനവും പറഞ്ഞ് പോകുന്നതാണ് കണ്ടു വരുന്നത്. ദുഖത്തിലിരിക്കുന്നവർക്കും പൊതു ജനങ്ങൾക്കും ഇത്തരം ജൽപ്പനങ്ങൾ മുഷിപ്പ് ഉളവാക്കുന്ന ഒരു ഐറ്റം ആണ്.

ആധുനിക കാലഘട്ടത്തിൽ കണ്ടു വരുന്ന മറ്റൊരു പ്രവണതയാണ് അടക്കാരാധന. സഭയ്ക്കകത്തും പുറത്തുമുള്ള പലർക്കും ഈ സമ്പ്രദായങ്ങളോട് വിയോജിപ്പാണുള്ളത്. ഭക്തിയുള്ള പുരുഷന്മാർ സ്തേഫാനോസിനെ അടക്കിയെന്നല്ലാതെ അവിടെ അടക്കാരാധന അരങ്ങേറിയതായി കാണുന്നില്ല. കൃപാവര വിദഗ്ധരും അതി വിശുദ്ധ വിശുദ്ധന്മാരുമാണ് അടക്കാരാധനയുടെ മഹത്വമെടുക്കുന്ന പ്രായോജകർ. ഇതു സംബന്ധിച്ച് വിശുദ്ധ തിരുവെഴുത്തിൽ യാതൊരടിസ്ഥാനവുമുള്ളതായി കാണുന്നില്ല. നിദ്ര പ്രാപിച്ച വ്യക്തിയുടെ ഭൗതീക ശരീരം വച്ച് താളമേളങ്ങളുടെ അകമ്പടിയോടെ അടക്കാരാധന എന്ന ഓമനപ്പേരിൽ അഭിഷേകം ജ്വലിപ്പിക്കുന്നവരും അന്യഭാഷ പറഞ്ഞ് ആത്മീയുന്മാദത്തിന്റെ വൈകാരികത മൂത്ത് കാട്ടിക്കൂട്ടുന്ന തിരുവചനത്തിനു നിരക്കാത്ത കാര്യങ്ങൾ ചെയ്യുമ്പോൾ കടുത്ത ക്രൂരതയാണ് പരേതന്റെ കുടുംബാംഗങ്ങളോട് ചെയ്യുന്നത്...? നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുന്നിൽ ഇടരുത് എന്ന ബൈബിൾ വാക്യം ഇക്കാര്യത്തിൽ ഏറെ പ്രസക്തമാണ്. ഇന്നത്തെ സംസ്കാര ശുശ്രൂഷകളിൽ കാട്ടി കൂട്ടുന്ന കോലാഹലങ്ങൾ ഏറെ വിചിത്രമാണ്..? പരേതന്റെ സുഹൃത് വലയത്തിൽ പെട്ടവരും കുടുംബക്കാരും ബന്ധപ്പെട്ടവരുമാണ് സംസ്ക്കാര ശുശ്രൂഷകളിൽ പങ്കെടുത്ത് ഉപചാരമർപ്പിക്കേണ്ടത്. ആത്മീയതയുടെ മറ പിടിച്ച് ഒരു കൂട്ടർ ആ ചടങ്ങ് ഉണർവ്വ് യോഗം ആക്കുന്നതിലുള്ള സാങ്കേതികത എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല. പരേതാത്മാവിന് നല്ലൊരു യാത്രയയപ്പ് നൽകുകയാണ് ഔചിത്യമായിട്ടുള്ളത്.

പെന്തകോസ്ത് സംസ്ക്കാര ശുശ്രൂഷകൾ സംബന്ധിച്ച് പണ്ട് മുതൽ ഒത്തിരി ആരോപണങ്ങളും വിമർശനങ്ങളും കേട്ടു വരുന്നുണ്ട്. ശീതീകരിച്ച പേടകത്തിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ മറ്റു കേടു പാടുകൾ ഉണ്ടാകില്ലെന്നതാണ് ഇതിന്റെ മറ്റൊരു മൈനസ് പോയിന്റ്. മരിച്ച വ്യക്തിയുടെ ഭൗതിക ശരീരത്തോട് നീതി പുലർത്താതെ വാചക കസർത്തു നടത്തുന്നവർ, സമയ ക്ലിപ്തം പാലിക്കാത്തവർ, ഉറ്റബന്ധുക്കളെ ആദരിക്കാത്തവർ, അവസാനം വേണ്ടപ്പെട്ടവർക്ക് സമയം ലഭിക്കാതെ പോകുന്ന അനുഭവങ്ങൾ, ഇങ്ങനെ നീളുന്നു ആ പട്ടികകൾ..! പരേതനുമായോ കുടുംബവുമായോ യാതൊരു പുലബന്ധം പോലുമില്ലാത്ത വ്യക്തികളുടെ അനുശോചന പ്രസംഗങ്ങൾ..! വോട്ട് ബാങ്ക് ലക്ഷ്യമാക്കി വരുന്ന പാർട്ടി നേതാക്കന്മാർ.. ഉൾപ്പെട്ടു നിൽക്കുന്ന സഭയുടെ പേരിലും സംഘടനയുടെ പേരിലും പുത്രികാ സംഘടനയുടെ പേരിലും ഹൗസിങ് സൊസൈറ്റിയുടെ പേരിലും തുടങ്ങാനിരിക്കുന്ന സംഘടനയുടെ പേരിലും നീണ്ടു പോകുന്ന അനുശോചന പ്രവാഹം! ഇവരെക്കുറിച്ചോ ഉൾപ്പെട്ടു നിൽക്കുന്ന പ്രസ്ഥാനത്തെക്കുറിച്ചോ പരേതനോ പരേതന്റെ കുടുംബ സുഹൃത്തുക്കൾക്കോ യാതൊരു ഗ്രാഹ്യവുമില്ലെന്നത് മറ്റൊരു യാഥാർഥ്യം.

അത്ഭുത ജാലവിദ്യക്കാരാണ് വേറൊരു കൂട്ടർ. മരിച്ചവരെ ഉയിർപ്പിക്കാൻ എവിടെ അവസരം കിട്ടുമെന്ന് നോക്കി നടക്കുന്നവരാണവർ..! മറ്റുള്ളവരുടെ മുന്നിൽ തിളങ്ങാൻ അവസരം കിട്ടുന്നത് നോക്കി നടക്കുന്ന ഇക്കൂട്ടർ ഇതിനായി ഏതറ്റം വരെ പോകാനും സദസ്സിനെ ഉത്തേജിതരാക്കാനും പ്രതിജ്ഞാ ബദ്ധരാണ്. അതിനായി അവർ വിത്തു വിതയ്ക്കുന്നു. അവർക്ക് മഹത്വം ലഭിച്ചാൽ പിന്നെ അവരുടെ നിലയും വിലയും എന്തായിരിക്കും എന്നും അവർ കണക്കു കൂട്ടുന്നു. പണ്ട് കേരളത്തിൽ നടന്ന ഒരു വ്യത്യസ്തമായ ഒരു സംസ്ക്കാര ശുശ്രൂഷ ഓർമ്മയിൽ വരുന്നു. സ്വന്തം ഭർത്താവ് മരിച്ചു കിടക്കുന്നു. ടെലിവിഷൻ പ്രസംഗകനായതിനാൽ വീശിഷ്ടാതിഥികൾ പലരും ആ സംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുക്കുന്നുണ്ട്. ദുഃഖ സാന്ദ്രമായ പശ്ചാത്തലത്തിൽ ഭർത്താവിനെ ഉയിർപ്പിക്കാനുള്ള ശ്രമത്തിൽ കൂടി വന്നവരോട് തങ്ങളുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് പ്രാർത്ഥനയിൽ തന്നെ സഹായിക്കാൻ അഭ്യർത്ഥിച്ചു. എല്ലാവരെയും എഴുന്നേറ്റു നിർത്തി തന്നോടൊപ്പം പ്രാർത്ഥിക്കാൻ ഉത്സാഹിപ്പിച്ചു. അന്യഭാഷകളിൽ അവർ സംസാരിച്ച ശേഷം ആംഗലേയ ഭാഷയും അന്യ ഭാഷയും ഇടകലർത്തി ആത്മീയ അധികാരം കയ്യിലെടുത്ത് ചേതനയറ്റ ശരീരത്തോട് ജീവൻ പ്രാപിക്കാൻ ആജ്ഞാപിച്ചു. കുറെ നേരം ഈ സാഹസം തുടർന്ന ശേഷം യാതൊരു ഭാവഭേതങ്ങളുമില്ലെന്ന് കണ്ടപ്പോൾ അവർ ആ ഉദ്യമത്തിൽ നിന്നും പിന്തിരിഞ്ഞു. ഇപ്പോഴും പലരും ഇത്തരം സാഹസങ്ങൾ ചെയ്യാനുള്ള തക്കം നോക്കി നടക്കയാണ്. അറിഞ്ഞോ അറിയാതെയോ വല്ല അത്ഭുതവും സംഭവിച്ചാൽ മഹത്വം ലഭിക്കുന്നത് അവർക്കായിരിക്കും. തുടർന്ന് വീര്യപ്രവർത്തികളുടെ അപ്പോസ്തോലൻ എന്ന ലേബലിൽ വിശ്വപ്രസിദ്ധരായി ഉലകം ചുറ്റാം.

മറ്റൊരു കൂട്ടർ ആ സമയത്ത് രക്ഷിക്കപ്പെടണമെന്ന് വാശി പിടിച്ച് പ്രസംഗത്തിലൂടെ കണ്ഠ ക്ഷോഭം ചെയ്യുന്നവരാണ്. നരകത്തെക്കുറിച്ച്, മരണത്തെക്കുറിച്ച്, വിശദമായി അവർ പ്രസംഗിച്ച ശേഷം ഔട്ടർ കാളിങ് നടത്തും. യോഗം നിയന്ത്രിക്കുന്നവരും മറ്റു ശ്രോതാക്കളും ഇവരുടെ കണ്ഠക്ഷോഭം കേട്ട് യഥാർത്ഥത്തിൽ വീർപ്പു മുട്ടുകയാണ്. അമേരിക്കൻ ഐക്യനാടുകളിലെ യാത്രയയപ്പു ശുശ്രൂഷകൾ എറെ മഹത്തരവും വ്യത്യസ്തവുമാണ്! പരേതനോടുള്ള ആദര സൂചകമായി അനുശോചനത്തിനായി അവർ പ്രത്യേക ദിനം വേർതിരിക്കും. നിശ്ചിത ദിനത്തിലാണ് അനുശോചനത്തിനുള്ള അവസരം. സഭാ പ്രതിനിധികൾക്കും ബന്ധു മിത്രാദികൾക്കും അന്ന് പരേതന് ആദരാഞ്ജലികൾ അർപ്പിക്കാം. സംസ്ക്കാര ദിനത്തിൽ പരേതന്റെ കുടുംബത്തിനാണ് പ്രധാന റോൾ. നമ്മുടെ നാട്ടിൽ ഉപചാരപൂർവ്വം സഭ തരുന്ന ചില മിനിട്ടുകൾ മാത്രമാണ് കുടുംബത്തിലുള്ളവർക്ക് ലഭിക്കുന്നത്. ബാക്കിയുള്ള സമയം ആരൊക്കെയോ എന്തൊക്കെയോ പറഞ്ഞ് സമയം കളയുന്നു. ചില സ്ഥലങ്ങളിൽ സംസ്ക്കാര ശുശ്രൂഷകൾ അവസാനിക്കുന്നതാകട്ടെ സൂര്യാസ്തമയം കഴിയുമ്പോഴായിരിക്കും. അത് വരെ ഉമിനീർ പോലുമിറക്കാതെ പരേതന്റെ ബന്ധുമിത്രാദി കളത്രാദികൾ ശ്വാസമടക്കി നിൽക്കും.. ആരോഗ്യ പ്രശ്നങ്ങളുള്ളവർ കുഴഞ്ഞു വീഴും.. കൊടും വെയിലോ, കോരിച്ചൊരിയുന്ന മഴയോ ഒന്നും ആർക്കും ഒരു പ്രശ്നല്ല. സഹചര്യം ഇങ്ങനെയൊക്കെ ആണെങ്കിലും പ്രസംഗത്തൊഴിലാളികളായ സഭാ ശുശ്രഷകർ തങ്ങളുടെ പ്രകടനം അവസാനിപ്പിക്കില്ല എന്നതാണ് ഏറെ ദുരന്തം. ചിലയിടങ്ങളിൽ ക്രിത്യനിഷ്ഠയുള്ള സംഘാടകർ ഉള്ളത് നിമിത്തം കാലന്തരത്തിൽ ഈ സ്ഥിതി വിശേഷത്തിന് നേരിയ മാറ്റം വന്നുകൊണ്ടിരിക്കുന്നുവെന്നത് ഏറെ ആശ്വാസം.

അത്ഭുത ജാലവിദ്യക്കാരാണ് വേറൊരു കൂട്ടർ. മരിച്ചവരെ ഉയിർപ്പിക്കാൻ എവിടെ അവസരം കിട്ടുമെന്ന് നോക്കി നടക്കുന്നവരാണവർ..! മറ്റുള്ളവരുടെ മുന്നിൽ തിളങ്ങാൻ അവസരം കിട്ടുന്നത് നോക്കി നടക്കുന്ന ഇക്കൂട്ടർ ഇതിനായി ഏതറ്റം വരെ പോകാനും സദസ്സിനെ ഉത്തേജിതരാക്കാനും പ്രതിജ്ഞാ ബദ്ധരാണ്. അതിനായി അവർ വിത്തു വിതയ്ക്കുന്നു. അവർക്ക് മഹത്വം ലഭിച്ചാൽ പിന്നെ അവരുടെ നിലയും വിലയും എന്തായിരിക്കും എന്നും അവർ കണക്കു കൂട്ടുന്നു.

www.sdpathram.com
സ്വർഗീയധ്വനി
ക്രിസ്തീയ പത്രം

Chairman	:	James T. Samuel
Managing Editor	:	Joy Thumpamon
Editor incharge	:	Jaison Varghese
Editorial Director	:	Oommen Ebenezer
General Editor	:	Pr. Sam T. Mukhathala
Circulation Manager	:	K. C. Jacob
Overseas Editors	:	Sunny Thazhampallom
		Sheenamol Joseph
General Coordinator	:	Pr. Binu Cheriyan
Coordinators	:	George Samuel
	:	Jose K. Varghese
	:	Anu Samuel
	:	Pr. Sajan Easo Plachery

പഠന പരമ്പര 4

പലസ്തീൻ ആരുടേത്? ഭാവി എന്ത്?

ഫിലിപ്പോസ് കുളക്കട
9605498870

ദാനിയേലിനുണ്ടായ ദർശനങ്ങൾ

ഒന്നാം ദർശനം

ദാനിയേൽ കണ്ട ഒന്നാം ദർശനത്തിൽ നാല് മൃഗങ്ങളെയാണ് കാണുന്നത് (ദാനി. ഏഴാം അധ്യായം). ഒന്നാം മൃഗം സിംഹം, രണ്ടാം മൃഗം കരടി, മൂന്നാം മൃഗം പുള്ളിപ്പുലി, നാലാം മൃഗം ഘോരവും ഭയങ്കരവുമായത്. അത് ബാബിലോൺ മുതൽ റോം വരെയുള്ള രാഷ്ട്രങ്ങളുടെ പ്രതീകങ്ങളാണ്. അത് മുൻകാല രാഷ്ട്രങ്ങളുടെ പ്രതീകങ്ങളാകയാൽ അതേപ്പറ്റി വിവരിക്കുന്നില്ല. നാലാം മൃഗം റോമയുടെ പ്രതീകമാണെങ്കിലും അതിന്റെ കൊമ്പുകൾ ഭാവികാല രാഷ്ട്രത്തേയും എതിർ ക്രിസ്തുവിനേയും കുറിക്കുന്നതിനാൽ അത് അൽപം വിശദീകരിക്കുന്നു. നാലാം മൃഗത്തിന് 10 കൊമ്പുണ്ടായിരുന്നു. അതിനിടയിൽ മറ്റൊരു കൊമ്പ് മുളച്ചു വന്നു. അത് മറ്റ് കൊമ്പുകളേക്കാൾ വണ്ണമേറിയതായിരുന്നു. അതിന് മനുഷ്യന്റെ കണ്ണുപോലെയുള്ള കണ്ണും വമ്പു പറയുന്ന വായും ഉണ്ടായിരുന്നു. ആ കൊമ്പ് വിശുദ്ധന്മാരോട് യുദ്ധം ചെയ്ത് അവരെ ജയിച്ചു.

അപ്പോൾ മറ്റൊരു ദർശനം ദാനിയോലിനുണ്ടായി. വയോധികനായ ഒരുവൻ പ്രധാന ന്യായാധിപനായി ഒരു ന്യായാധിപ സഭ സമ്മേളിച്ചു. അപ്പോൾ ആ കൊമ്പ് സംസാരിച്ച് വലിയ ശബ്ദമുണ്ടാക്കി. ന്യായാധിപസഭ മൃഗത്തെ കൊന്ന് അതിനെ തീയിട്ട് ചുട്ടു കളഞ്ഞു. അതിന് മുമ്പ് കണ്ട മൂന്നു മൃഗങ്ങളുടേയും ആധിപത്യം നഷ്ടപ്പെട്ടിരുന്നെങ്കിലും നാല് മൃഗങ്ങളുടേയും സമ്പൂർണ്ണ നാശം ഒന്നിച്ചായിരുന്നു.

അപ്പോൾ തന്നെ മനുഷ്യപുത്രനോട് സദൃശനായ ഒരുവൻ ആകാശ മേഘങ്ങളിലൂടെ പറന്നുവന്ന് വയോധികന്റെ അടുക്കൽ എത്തി. സകല വംശങ്ങളും ജനതകളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് അവന് ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു. ഒരു ദൂതൻ ദാനിയേലിന് ദർശനം വ്യാഖ്യാനിച്ചു കൊടുത്തു. മൃഗത്തിന്റെ 10 കൊമ്പ് എഴുന്നേൽക്കാനിരിക്കുന്ന 10 രാജാക്കന്മാരാകുന്നു. ഒടുവിൽ മുളച്ച കൊമ്പ് 10 രാജാക്കന്മാരിൽ മൂന്ന് പേരെ വീഴിച്ചു കളയും. കാലവും കാലങ്ങളും കാലാംശവും (മൂന്നര വർഷം) അവൻ വിശുദ്ധന്മാരെ ഒടുക്കിക്കളയും. ന്യായവിസ്താര സഭ അവന്റെ അധികാരം എടുത്തു കളഞ്ഞ് അവനെ മുടിച്ചിട്ട് രാജ്യം അത്യുന്നതനായവന്റെ വിശുദ്ധന്മാരെ ഏൽപിക്കും.

കർത്താവായ യേശു രാജാധി രാജാവായി ഭൂമിയിലേക്ക് വരുന്നതിന് തൊട്ടുമുമ്പ് ഒരു ദശരാഷ്ട്ര സഖ്യം രൂപപ്പെടുമെന്നും അതിനു ശേഷമാണ് എതിർക്രിസ്തു എഴുന്നേൽക്കുന്നതെന്നും അവൻ മുൻ രാജാക്കന്മാരിൽ മൂന്ന് പേരെ ഒടുക്കിക്കളഞ്ഞ് ദശരാഷ്ട്ര സഖ്യം സപ്തരാഷ്ട്ര സഖ്യമാക്കി മാറ്റി എട്ടാമത്തെവനായി സഖ്യരാഷ്ട്രാധിപതിയായി ഭരിക്കുന്ന കാലത്താണ് കർത്താവായ യേശുവിന്റെ മഹത്വപ്രത്യക്ഷതയുണ്ടാകുന്നതെന്നും പ്രസ്തുത ദർശന വ്യാഖ്യാനം അസന്നിഗ്ദമായി തെളിയിക്കുന്നു.

ദാനിയേലിനുണ്ടായ രണ്ടാം ദർശനം

ദാനിയേലിനുണ്ടായ രണ്ടാം ദർശനത്തിൽ രണ്ട് മൃഗങ്ങളാണ് ദൃശ്യമായത്. ദാനിയേലിന് ആ ദർശനമുണ്ടായത് ബാബിലോൺ സാമ്രാജ്യത്തിന്റെ അന്ത്യത്തോട് അടുത്ത കാലത്താണ്. അതിനാൽ അതിനുശേഷം ഉടലെടുക്കാനുള്ള രണ്ട് രാഷ്ട്രങ്ങളെക്കുറിച്ചു മാത്രമേ ദർശനമുണ്ടായുള്ളു. ആ രാജ്യങ്ങളുടെ പ്രതീകങ്ങളായി കണ്ട രണ്ട് മൃഗങ്ങളിൽ ആദ്യത്തേ ആട്ടുകൊറ്റനും (ആൺ ചെമ്മരിയാട്) രണ്ടാമത്തേത് കോലാട്ടു കൊറ്റനുമാണ്. അതിൽ ആദ്യത്തേത് മേദ്യ-പാർസി രാജ്യത്തിന്റെയും കോലാട്ടുക്കൊറ്റൻ ഗ്രീസ് സാമ്രാജ്യത്തിന്റെയും പ്രതീകങ്ങളാണ്. ആ രാജ്യങ്ങളെക്കുറിച്ച് മുൻ പേജുകളിൽ പരാമർശിച്ചതാണ്. മുകളിൽ ഘോരമൃഗത്തിന്റെ കൊമ്പുകളെക്കുറിച്ച് കുറിച്ചതുപോലെ കോലാട്ടുകൊറ്റനേപറ്റി ചുരുക്കത്തിൽ കുറിക്കാം.

ഗ്രീസ് സാമ്രാജ്യത്തിന്റെ നിദർശനമായ കോലാട്ടുകൊറ്റന്റെ നെറ്റിയിലുണ്ടായിരുന്ന ഏക കൊമ്പ് ഒടിഞ്ഞശേഷം മുളച്ചു വന്ന നാല് കൊമ്പിൽനിന്നും മുളച്ചു വന്ന ചെറിയ കൊമ്പിനെക്കുറിച്ചുള്ള വിവരണങ്ങളും ദാനിയേലിന്റെ ഒന്നാം ദർശനത്തിലെ ഘോരമൃഗത്തിന്റെ 10 കൊമ്പുകൾക്കിടയിൽ മുളച്ചുവന്ന ചെറിയ കൊമ്പിനേക്കുറിച്ചുള്ള വിവരണങ്ങളും സമാനമാണെന്ന് അത് വായിക്കുന്ന ഏതൊരാൾക്കും മനസിലാകും. റോമാ സാമ്രാജ്യത്തിന്റെ നിദർശനമായ ഘോരമൃഗത്തിന്റെ 10 കൊമ്പുകൾക്കിടയിൽ മുളച്ചുവന്നതായി ദാനിയേൽ ഒന്നാം ദർശനത്തിൽ കണ്ട കൊമ്പിനാൽ സൂചിപ്പിക്കുന്ന ആളിനെ ഗ്രീസിന്റെ നിദർശനമായ കോലാട്ട്കൊറ്റന്റെ ആദ്യകൊമ്പ് ഒടിഞ്ഞശേഷം മുളച്ചുവന്ന നാല് കൊമ്പിൽ ഒന്നിൽ നിന്നും മുളച്ചുവന്ന കൊമ്പായിട്ടാണ് രണ്ടാം ദർശനത്തിൽ കണ്ടത്. ക്രിസ്തുവിന്റെ വീണ്ടും വരവിന് മുമ്പ് റോമാസാമ്രാജ്യം പുനസ്ഥാപിക്കപ്പെടുമെന്നും അതിൽ നിന്നുമായിരിക്കും എതിർക്രിസ്തു വരുന്നതെന്നും ദാനിയേലിന്റെ ഒന്നാം ദർശനത്തെ ആധാരമാക്കിയുള്ള വ്യാഖ്യാനമാണ് പെന്തെക്കോസ്തർ പൊതുവേ അംഗീകരിച്ചിരിക്കുന്നത്. ഗ്രീസിന്റെ നാല് ശാഖകളിൽ ഒന്നായിരുന്ന സിറിയയിൽ നിന്നായിരിക്കും എതിർക്രിസ്തുവിന്റെ വരവ് എന്ന് രണ്ടാം ദർശനം ആധാരമാക്കി ഒരു വ്യാഖ്യാനമുണ്ട്. അതും രണ്ടും ശരിയാണ്. ഗ്രീസ് സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന സിറിയ പിന്നീട് റോമാസാമ്രാജ്യത്തിന്റെ ഭാഗമായി. പൂർവിക രാഷ്ട്രങ്ങളൊന്നും അതിന്റെ തനിമയിൽ പുന:സ്ഥാപിക്കപ്പെടുകയില്ല. അതു പിന്നാലെ തെളിയിക്കാം.

അപ്പോസ്തോലനായ യോഹന്നാനുണ്ടായ ദർശനങ്ങൾ

1. സങ്കരമൃഗം (വെളി. 13-ാം അധ്യായം)

മൃഗലക്ഷണങ്ങൾ: 10 കൊമ്പ്, 7 തല, കൊമ്പുകളിൽ 10 രാജ മുടികൾ, തലയിൽ ദൂഷണ നാമങ്ങൾ, പുള്ളിപ്പുലിക്ക് സാദൃശ്യം, കരടിയുടെ കാലുകൾ, സിംഹത്തിന്റെ വായ് മൃഗത്തിന് മഹാ സർപ്പം തന്റെ അധികാരം കൊടുത്തു. സർപ്പത്തിന്റെ അധികാരം കൊടുത്തത് 42 മാസത്തേക്ക് (മൂന്നര വർഷം). ദാനിയേൽ ഒന്നാം ദർശനത്തിൽ കണ്ട നാല് മൃഗങ്ങളുടേയും നാലാം മൃഗത്തിന്റെ കൊമ്പുകളുടേയും സാദൃശ്യങ്ങളുള്ളതാണ് യോഹന്നാൻ കണ്ട മൃഗം. കൂടുതൽ സാദൃശ്യം പുള്ളിപ്പുലിയോടും നാലാം മൃഗത്തിന്റെ കൊമ്പുകളോടുമാണ്. അതിനർത്ഥം ആ മൃഗങ്ങളെല്ലാം സൂചിപ്പിക്കുന്ന രാഷ്ട്രങ്ങളും ചേർന്നതായിരിക്കും പുന:സ്ഥാപിക്കപ്പെടുന്ന രാഷ്ട്രം എന്നാണ്. മുൻ മൃഗങ്ങൾക്കൊന്നും ഇല്ലാത്തതാണ് 7 തല. ഗ്രീസിന്റെ നിദർശനമായി ദാനിയേൽ കണ്ട പുള്ളിപ്പുലിയുടെ നാല് തലകൾ ഗ്രീസ് നാലായി പിരിഞ്ഞ രാജ്യങ്ങളുടെ പ്രതീകമാണെന്ന് ദൈവദൂതൻ വ്യാഖ്യാനിച്ചു. യോഹന്നാൻ കണ്ട സങ്കരമൃഗത്തിന്റെ തലകൾ 7 രാജ്യങ്ങളുടെ പ്രതീകങ്ങളാണെന്ന് അതിനാൽ തെളിയുന്നു. മുകളിൽ പറഞ്ഞ 4 രാജ്യങ്ങൾ കൂടാതെ 3 രാജ്യങ്ങളും ഉൾപ്പെടുന്നതായിരിക്കും ഭാവിയിൽ ഉടലെടുക്കുവാനിരിക്കുന്ന സഖ്യരാജ്യം. അത് 10 രാജാക്കന്മാർ അഥവാ രാജ്യങ്ങൾ ചേർന്നതായിരിക്കുമെന്ന് നെബുഖദ്നേസർ കണ്ട ബിംബത്തിന്റെ കാൽവിരലുകളും ദാനിയേൽ കണ്ട നാലാം മൃഗത്തിന്റെ 10 കൊമ്പുകളും യോഹന്നാൻ കണ്ട മൃഗത്തിന്റെ 10 കൊമ്പുകളും തെളിയിക്കുന്നു. യോഹന്നാൻ 10 കൊമ്പുകളെ കണ്ടത് ഒരു മൃഗത്തിന്റെ 7 തലകളിലായിട്ടാണ്. 4 തലകളിൽ ഓരോ കൊമ്പും 3 തലകളിൽ ഈരണ്ട് കൊമ്പുകളും എന്ന് സങ്കൽപിക്കാം. അത് ക്രമവിരുദ്ധമാണല്ലോ. മൂന്ന് തലകളിലെ ഈ രണ്ട് കൊമ്പുകളിൽ ഓരോന്നായിരിക്കാം ചെറിയ കൊമ്പ് വീഴ്ത്തിക്കളഞ്ഞത്. അങ്ങനെ 7 രാജ്യങ്ങളുടെ സഖ്യ രാഷ്ട്രമായിരിക്കും എതിർക്രിസ്തുവിന്റെ രാഷ്ട്രം എന്ന് തെളിയുന്നു.

അതിൽ ഒന്ന് യോഹന്നാൻ ദർശനം കണ്ടതിനുശേഷം ഉണ്ടാകുവാനുള്ളതാണെന്ന് യോഹന്നാനുണ്ടായ രണ്ടാം ദർശനത്തിൽ കണ്ട മൃഗത്തിന്റെ തലകളെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ ദൂതൻ യോഹന്നാനെ അറിയിച്ചു. (വെളിപ്പാട്

> **മരിച്ചവരുടെ ആത്മാക്കളായിട്ടോ? അതോ ശരീരത്തിൽ ഉയിർത്തെഴുന്നിറ്റിട്ടോ? ദ്രവിച്ചുപോയ ശരീരങ്ങൾ അതുപോലെ ഉയിർത്തെഴുന്നേൽക്കും എന്ന് തെളിവുണ്ടോ?**

ആധ്യായം 17) സഖ്യ രാഷ്ട്രത്തിലുൾപ്പെടുന്ന 2 രാജ്യങ്ങൾ ബാബിലോൺ സാമ്രാജ്യത്തിനു മുമ്പുണ്ടായിരുന്നതാണെന്ന് അത് തെളിയിക്കുന്നു. അത് ഏതൊക്കെ എന്ന് കണ്ടു പിടിക്കുന്നത് ഭാവികാല പഠനത്തിന് സഹായമാകും എന്നതിനാൽ അത് പരിശോധിക്കാം. അതിനുമുമ്പ് പെന്തെക്കോസ്തർ പൊതുവേ അംഗീകരിച്ചിരിക്കുന്ന വ്യാഖ്യാനങ്ങളിലെ പ്രമാദങ്ങൾ ചൂണ്ടിക്കാണിക്കേണ്ടതുണ്ടെന്ന് കരുതുന്നു.

വെളിപ്പാട് 17-ൽ പറയപ്പെടുന്ന മൃഗത്തിന്റെ തലകളെക്കുറിച്ച് തല ഏഴും സ്ത്രീ ഇരിക്കുന്ന ഏഴ് മലയാകുന്നു. അത് ഏഴ് രാജാക്കന്മാരും ആകുന്നു ഏന്ന് ദൂതൻ പറഞ്ഞ വ്യാഖ്യാനം റോമൻ പട്ടണം പണിയപ്പെട്ടിരിക്കുന്ന ഏഴ് അക്ഷരീക മലകളും 7 രാജാക്കന്മാർ റോമാ സാമ്രാജ്യത്തിലെ ഏഴ് രാജാക്കന്മാരും ആണെന്നാണ് പാരമ്പര്യ വ്യാഖ്യാനം. അത് ശരിയാകണമെങ്കിൽ യോഹന്നാന് ദർശന മുണ്ടാകുന്നതിനുമുമ്പ് ആ സാമ്രാജ്യത്തിൽ അഞ്ച് പേർ മാത്രമേ രാജാവായിട്ടുള്ളു എന്നും അന്നത്തെ രാജാവായിരുന്ന ഡൊമീഷ്യനുശേഷം ഒരാൾ മാത്രമേ ഭരിക്കുകയുള്ളു എന്നും തെളിയിക്കണം. ഏഴാമത്തെ രാജാവ് എതിർക്രിസ്തുവായിരിക്കുമെങ്കിൽ ഡൊമീഷ്യന്റെ ഭരണത്തോടെ റോമാ സാമ്രാജ്യം അസ്തമിച്ചു എന്നും പുന:സ്ഥാപിക്കപ്പെടുന്ന റോമാ സാമ്രാജ്യത്തിൽ എതിർക്രിസ്തു എന്ന ഏക രാജാവ് മാത്രമേ ഉണ്ടാകു എന്നും തെളിയിക്കണം. അത് ആർക്കും സാധ്യമല്ല. ഡൊമീഷ്യൻ റോമിലെ 11-ാമത്തെ രാജവായിരുന്നു. അയാൾക്കുശേഷം റോമാ സാമ്രാജ്യം രണ്ടായി പിരിയുന്നതുവരെ 27 രാജാക്കന്മാർ ആ രാജ്യം ഭരിച്ചിരുന്നു. രണ്ടായി പിരിഞ്ഞതിൽ റോമ നഗരം കേന്ദ്രമാക്കി ഭരിച്ചിരുന്ന പടിഞ്ഞാറൻ റോമാ രാജ്യം 5-ാം നൂറ്റാണ്ടുവരെയും കോൺസ്റ്റന്റിനോപ്പിൾ കേന്ദ്രമാക്കി ഭരിച്ച കിഴക്കൻ റോമാ 14-ാം നൂറ്റാണ്ടുവരെയും നിലനിന്നു. അക്കാലങ്ങളിൽ റോമാ ഭരിച്ചിരുന്ന ആരെയും റോം സാമ്രാജ്യത്തിലെ രാജാക്കന്മാരായി വ്യാഖ്യാതാക്കൾ അംഗീകരിക്കുന്നതിന്റെ കാരണം എന്തെന്ന് അവരാരും പറഞ്ഞിട്ടില്ല. പ്രസ്തുത വ്യാഖ്യാനത്തിൽ കഴമ്പില്ലെന്ന് അനുവാചകർക്ക് മനസിലാക്കാമല്ലോ. എതിർ ക്രിസ്തുവിന്റെ രാജ്യതലസ്ഥാനം റോം ആയിരിക്കുകയില്ലെന്ന് പിന്നാലെ തെളിയിക്കാം.

ഇനി പ്രവചന ഭാഷയിൽ മല, രാജാക്കന്മാർ എന്നീ പദങ്ങളുടെ അർത്ഥം നോക്കാം. അവിടെ മല എന്നതിനുള്ള ഇംഗ്ലീഷ് വാക്ക് ങീൗിമേശി എന്നാണ്. പർവതങ്ങൾ എന്നർത്ഥം. അതിന് പ്രവചന ഭാഷയിൽ രാജ്യങ്ങൾ എന്നാണർത്ഥം. ചില ഭാഗങ്ങൾ കാണുക, വയൽ പ്രദേശത്തിലെ എന്റെ പർവതമേ (യിര. 17:3). അത് യെഹൂദ ജാതിയേക്കുറിക്കുന്നതാണെന്ന് അവിടുത്തെ പ്രതിപാദ്യ വിഷയം തെളിയിക്കുന്നു. സകല ഭൂമിയേയും നശിപ്പിക്കുന്ന വിനാശക പർവ്വതമേ (യിര. 51:25). ബാബിലോണിലെ സംബന്ധിച്ചുള്ള പ്രവചനമാണത്. ഞാൻ എന്റെ സകല പർവ്വതങ്ങളോടും അവന്റെ നേരെ വാളെടുക്കാൻ കൽപിക്കും യെഹ. 38:21). അക്ഷരീക പർവ്വതങ്ങൾ വാളെടുക്കുകയില്ലല്ലോ. സെരുബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ നീ ആർ? (സെഖ. 4:7). ഏത് പർവ്വതമാണ് സെരുബാബേലിന് തടസമായിരുന്നത്? നെബുഖദ്നേസർ സ്വപ്നത്തിൽ കണ്ട ബിംബത്തെ അടിച്ച് തകർത്ത കല്ല് ഒരു മഹാപർവ്വതമായി തീർന്നു. അത് അക്ഷരീത പർവ്വതമോ? അതോ ഒരു രാജ്യമോ? രാജാവോ? പ്രവചന ഭാഷയിൽ പർവ്വതം എന്നതിന്റെ അർത്ഥം എന്തെന്ന് അനുവാചകർക്ക് ഗ്രഹിക്കാൻ ഇത്രയും തെളിവുകൾ മതിയാകുമല്ലോ.

ഇനി രാജാക്കന്മാർ എന്നതിന്റെ അർത്ഥം നോക്കാം. ആ നാല് മൃഗങ്ങൾ ഭൂമിയിൽ ഉണ്ടാകുവാനിരിക്കുന്ന നാല് രാജാക്കന്മാരാകുന്നു (ദാനി. 7:17). നാല് രാജാക്കന്മാരെയല്ല നാല് രാജ്യത്തെയാണ് അവിടെ രാജാക്കന്മാർ എന്ന് പറയുന്നത്. നാലാമത്തെ മൃഗം ഭൂമിയിൽ നാലാമതായി ഉത്ഭവിക്കാനുള്ള രാജ്യം തന്നെ (വാക്യം 23). ദാനിയേലിന്റെ ഒന്നാം ദർശനത്തിൽ ഗ്രീസിന്റെ നിദർശനമായി കണ്ട പുള്ളിപ്പുലിക്ക് 4 തലകൾ ഉണ്ടായിരുന്നു. അതിന്റെ വ്യാഖ്യാനം പറഞ്ഞിട്ടില്ല. എന്നാൽ അതേ ഗ്രീസിന്റെ നിദർശനമായി രണ്ടാം ദർശനത്തിൽ കണ്ട കോലാട്ട്കൊറ്റന്റെ 4 കൊമ്പുകൾ ആ രാജ്യത്തു നിന്ന് ഉത്ഭവിക്കുന്ന നാല് രാജ്യങ്ങളാണെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട് (ലൂക്കോ. 8:22). രാജ്യം, രാജാക്കന്മാർ എന്നീ പദങ്ങൾ പര്യായങ്ങളായും ഉപയോഗിച്ചിട്ടുണ്ട് എന്ന് വ്യക്തമായല്ലൊ. വിഷയ ബന്ധത്തിലാണ് പ്രയോഗാർത്ഥം ഗ്രഹിക്കേണ്ടത്.

വെളിപ്പാട് 13:17 അധ്യായങ്ങളിൽ പറയുന്ന മൃഗങ്ങളുടെ തലകൾ റോമാസാമ്രാജ്യത്തിലെ രാജാക്കന്മാരുടെ നിദർശനങ്ങളല്ല. ഭാവിയിൽ ഉത്ഭവിക്കുവാനുള്ള സഖ്യ രാഷ്ട്രത്തിലെ അംഗരാഷ്ട്രങ്ങളുടെ നിദർശനമാണെന്ന് മനസിലാക്കാൻ ഇത്രയും തെളിവുകൾ മതിയാകും എന്ന് ചിന്തിക്കുന്നു. അങ്ങനെയല്ല, അവർ റോമാ സാമ്രാജ്യത്തിലെ മരിച്ചു പോയ രാജാക്കന്മാർ തന്നെ എന്ന് ഇനിയും വാദിക്കുന്നവരുണ്ടെങ്കിൽ അവർ എങ്ങനെ എതിർ ക്രിസ്തുവിന്റെ രാജ്യത്തിൽ അംഗങ്ങളായിരിക്കും എന്ന് തെളിയിക്കണം. മരിച്ചവരുടെ ആത്മാക്കളായിട്ടോ? അതോ ശരീരത്തിൽ ഉയിർത്തെഴുന്നിറ്റിട്ടോ? ദ്രവിച്ചുപോയ ശരീരങ്ങൾ അതുപോലെ ഉയിർത്തെഴുന്നേൽക്കും എന്ന് തെളിവുണ്ടോ?

പുതുവത്സര ചിന്ത..

പുതിയ കാലം, പുതിയ ദൗത്യം, പുതിയ തന്ത്രങ്ങൾ...

ജെയ്സ് പാണ്ടനാട്
9847340246

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ കാൽ നൂറ്റാണ്ട് കൂടി പിന്നിട്ടിരിക്കുകയാണ്. ലോകം അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. സഭ അതിന്റെ ദൗത്യ നിർവ്വഹണത്തിന്റെ പുതിയ കാലത്ത് എത്തി നിൽക്കുകയാണ്. ഏറെ വെല്ലുവിളികൾ നേരിടുന്ന കാലത്താണ് നാം നേതൃത്വവും അജപാലനവും അധ്യാപനവും മിഷനും നിർവ്വഹിക്കുന്നത്. സംഘടിത മതങ്ങളെയും പൗരോഹിത്യ ക്രമങ്ങളെയും ഹൈറാർക്കികളെയും പുതുതലമുറ കയ്യൊഴിയുന്ന കാലമാണിത്. മുഖ്യ മതവിശ്വാസങ്ങൾ ശിഥിലമാകുകയും സെക്ടുകളും സ്വകാര്യ വിശ്വാസങ്ങളും വളരുകയും സമ്മിശ്ര വിശ്വാസങ്ങൾ ശക്തിപ്പെടുകയും ചെയ്യുന്നു. യൂറോപ്യൻ രാജ്യങ്ങളിൽ ഉൾപ്പടെ ആരാധനാലയങ്ങൾ അടച്ചു പൂട്ടലിന്റെ വക്കിലാണ്. ഒരു അന്താരാഷ്ട്ര പഠനം അനുസരിച്ച് അടുത്ത 25 വർഷം ക്രൈസ്തവ സഭയുടെ ഭാവിയെ സംബന്ധിച്ച് അതിനിർണായകമായ വർഷങ്ങളാണ്. എന്നാൽ 25 വർഷം ആവശ്യമില്ല, അടുത്ത പത്ത് വർഷത്തിനുള്ളിൽ പ്രതിസന്ധി രൂക്ഷമാകും. കഴിഞ്ഞ ചില ദശാബ്ദങ്ങളായി യുവാക്കളിൽ വലിയ മാറ്റങ്ങളാണ് അതിവേഗം സംഭവിച്ചു കൊണ്ടിരിക്കുന്നത്. ഈ മാറ്റങ്ങൾ പഠനവിധേയമാക്കേണ്ടതുണ്ട്. മാറ്റങ്ങൾക്ക് വിധേയമാകുന്ന വിവിധ തലമുറകളുടെ കാലഘടനയും പ്രത്യേകതകളും നാം മനസ്സിലാക്കേണ്ടതുണ്ട്.

1981 ന് ശേഷം ജനിച്ച കുട്ടികളെ മിലേനിയൻസ് (1981–1996) എന്നാണ് വിളിക്കുന്നത്. ഇപ്പോൾ 44 വയസ്സ് പ്രായമുള്ള യുവാക്കളാണ് ഇക്കൂട്ടർ. ഡിജിറ്റൽ എക്കോ സിസ്റ്റത്തിൽ ജനിച്ചവരാണ് ഇവർ. 1996 ന് ശേഷം ജനിച്ച കുട്ടികളെ (1996–2012) സെഡ് (ജെൻ സി) എന്നാണ് വിളിക്കുന്നത്. ഇപ്പോൾ 29 വയസ്സ് പ്രായമുള്ളവരാണ് ഇക്കൂട്ടർ. 5 ജി, ആൾട്ടർനേറ്റീവ് ഇന്റലിജൻസിന്റെയും ഇന്റർനെറ്റിന്റെയും കുതിപ്പ് കണ്ട തലമുറ. 2013 ന് ശേഷം ജനിച്ച കുട്ടികളെ ആൽഫ എന്നാണ് വിളിക്കുന്നത്. ഇപ്പോൾ 12 വയസ്സ് പ്രായമുള്ള കുട്ടികൾ ആണ് ഇക്കൂട്ടർ. 21–ാം നൂറ്റാണ്ടിൽ പൂർണ്ണമായി ജനിച്ച ആദ്യ തലമുറയാണ് ഇവർ. ഡിജിറ്റൽ- ഫിസിക്കൽ ലോകത്തെ ലയിപ്പിച്ച് കൊണ്ടുള്ള ഫാഷനാണ് ഇവരുടേത്. സൈബർ ഡെമോക്രസിയുടെയും നോളജ് ഇക്കോണമിയുടെയും ടെക്നോ ക്യാപിറ്റലിസത്തിന്റെയും വിശാല ഫ്രെയിമിനുള്ളിൽ പിറന്നവർ. എഐ അവതാറുകൾ, ഇ.വി കാറുകൾ മാത്രം സ്വപ്നം കാണുന്നവർ. മനുഷ്യനെ അപ്രസക്തമാക്കുകയും യന്ത്രങ്ങൾ കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്യുന്ന പോസ്റ്റ്ഹ്യൂമൻ (മനുഷ്യാനന്തര) ലോകത്ത് ജീവിക്കുന്നവർ.

2025 ൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് ഗവേഷകർ ഇട്ടിരിക്കുന്ന പേര് ബീറ്റ എന്നാണ് (2025–2039). 2039 ൽ 14 വയസ്സിൽ എത്തുന്ന ഈ കുട്ടി സ്പേസ് ടൂറിസം, നിർമ്മിത ബുദ്ധി, റോബട്ടിക് ഇന്റലിജൻസ്, ക്വണ്ടം കമ്പ്യൂട്ടിങ്, ഹൈപ്പർലൂപ്പുകൾ തുടങ്ങിയവയെ പറ്റി മാത്രം ചിന്തിക്കുന്ന തലമുറയായിരിക്കും. ഇങ്ങനെ ദ്രുത ഗതിയിൽ മാറ്റങ്ങൾക്ക് വിധേയമാകുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ഈ തലമുറയോട് സംവദിക്കാനും ആശയവിനിമയ ചെയ്യാനും എങ്ങനെയാണ് സാധിക്കുക. ആർക്കാണ് അതിനു കഴിയുക. ഇപ്പോൾ തന്നെ കുട്ടികളുടെ മാതൃഭാഷ ടെക്നോളജി ആണ്. എല്ലാറ്റിനെക്കുറിച്ചും നാം വിചാരിക്കുന്നതിനേക്കാൾ വിപുലമായ അറിവ് അവർക്കുണ്ട്. രാജ്യാതിർത്തികൾ കേവലം ഭരണ കാര്യങ്ങൾക്ക് മാത്രമായി മാറും. ദുബായിൽ തന്നെ 193 രാജ്യങ്ങളിലെയും സംസ്കാരമുണ്ടെന്നാണ് പറയുന്നത്. ആഗോള ഗ്രാമമായോ ആഗോള നഗരമായോ എല്ലായിടവും മാറും. എന്തിനേറെ പറയുന്നു ബാംഗ്ലൂരിലെ ഒരു അപ്പാർട്ട്മെന്റിൽ എല്ലാ സംസ്ഥാനത്ത് നിന്നുള്ളവർ ഉണ്ട്. കൊറിയൻ സിനിമകൾ ആണ് ഇന്നത്തെ കുട്ടികൾ കാണുന്നത്. കേൾക്കുന്നത് ആഫ്രിക്കൻ സോങ്ങും. അവരുടെ ജ്ഞാനത്തോടൊപ്പം ഓടിയെത്താൻ നമുക്ക് പറ്റുമോ.

ആർട്ട്, മ്യൂസിക്ക്, ന്യൂമീഡിയ, ലിറ്ററേച്ചർ, ടെക്നോളജി, ഫോട്ടോഗ്രാഫി എന്നിവയെ മറികടന്ന് സഭയ്ക്ക് മുന്നോട്ട് പോകാൻ സാധ്യമല്ല. ഇനി ഡിജിറ്റൽ/സൈബർ ഇവാഞ്ചലിസത്തിന്റെ കാലമാണ്. വീഡിയോ കണ്ടന്റുകൾ ജ്യോഗ്രഫിക്കൽ ബോർഡർ ഭേദിക്കും. മ്യൂസിക് ടെക്നോളജിയുടെ വാണിജ്യമൂല്യവും വിപണിയും മനസ്സിലാക്കിയ ഒരു കൂട്ടം യുവത അതിന്റെ പിന്നാലെയാണ്. മ്യൂസിക് ടെക്നോളജിയിൽ ഇപ്പോൾ ആർട്ട്ഫിഷ്യൽ ഇന്റലിജൻസും ഉപയോഗിക്കുന്നുണ്ട്. ഫിലിം ഇൻഡസ്ട്രിയിലേക്ക് (ഡോക്കുമെന്ററി/ടെലിഫിലിം) ആകർഷിക്കപ്പെടുന്ന നല്ലൊരു വിഭാഗം ചെറുപ്പക്കാരും ഉണ്ട്. സമാന്തര സിനിമയുടെ (Counter Cinima) സാധ്യതയും പരിഗണിക്കപ്പെടേണ്ടതാണ്. ഇത് മതേതര ലോകത്തെ ചെറുപ്പക്കാരുടെ മാത്രം ട്രെൻഡ് അല്ല. പ്രവചനാതീതമായ ട്രെൻഡുകളാണ് മിന്നിമറയുന്നത്. മലയാളി ജനത നാട്ടിൻപുറത്തുകാരിൽ നിന്നും ആഗോള പബ്ലിക്ക് ആയതിന്റെ നാൾവഴികളും നാം പരിശോധിക്കേണ്ടിയിരിക്കുന്നു.

> സാർവദേശീയമായി ക്രൈസ്തവ സമൂഹം അസ്തിത്വപരമായ വെല്ലുവിളികൾ നേരിടുന്ന കാലം കൂടിയാണിത്. രാഷ്ട്രീയവും മതപരവും ദാർശനീകവും വേദശാസ്ത്രപരവുമായ പ്രതിസന്ധികൾ നേരിടുന്നുണ്ട്. ബാഹ്യമായ ആക്രമണങ്ങൾ ഉള്ളപ്പോൾ തന്നെ ആഭ്യന്തര സംഘർഷങ്ങൾ അനവധിയാണ്.

സാർവദേശീയമായി ക്രൈസ്തവ സമൂഹം അസ്തിത്വപരമായ വെല്ലുവിളികൾ നേരിടുന്ന കാലം കൂടിയാണിത്. രാഷ്ട്രീയവും മതപരവും ദാർശനീകവും വേദശാസ്ത്രപരവുമായ പ്രതിസന്ധികൾ നേരിടുന്നുണ്ട്. ബാഹ്യമായ ആക്രമണങ്ങൾ ഉള്ളപ്പോൾ തന്നെ ആഭ്യന്തര സംഘർഷങ്ങൾ അനവധിയാണ്. ഇന്ത്യയിലും പ്രത്യേകിച്ച് കേരളത്തിലും യുദ്ധസമാനമായ അന്തരീക്ഷത്തിലൂടെയാണ് സഭ കടന്നുപോകുന്നത്. ജനസംഖ്യാ അനുപാതവും പ്രജനന നിരക്കും മുൻ വർഷങ്ങളിൽ നിന്നും താരതമ്യേന കുറയുന്നു. വിവാഹ മോചനം, താമസിച്ചുള്ള വിവാഹം (Latemarriage) കുടുംബവും കുട്ടികളും വേണ്ട എന്ന തീരുമാനം, ഉണ്ടെങ്കിൽ കുട്ടികൾ ഒന്നോ രണ്ടോ മതി എന്ന തീരുമാനം, ആഭ്യന്തര ബാഹ്യകുടിയേറ്റം, ലിവിംഗ് ടുഗദർ സംസ്കാരം, ഓപ്പൺ മാര്യേജ് തുടങ്ങിയവ ഇതിന് കാരണങ്ങളാണ്. അവിവാഹിതരുടെ എണ്ണം വർദ്ധിക്കുന്നു. പഠനം, ജോലി, പണസമ്പാദനം, മൈഗ്രേഷൻ, സെറ്റിൽമെന്റ് ഇവയോടൊക്കെയാണ് പുതു തലമുറയ്ക്ക് താൽപര്യം. ഏറ്റവും അധികം പ്രവാസവൽക്കരിക്കപ്പെട്ടു (Migration, Diaspora & Escape) കൊണ്ടിരിക്കുന്ന ജനതയാണ് നമുടേത്.

ആത്മീക വിഷയങ്ങളിൽ താൽപ്പര്യം കുറഞ്ഞു കൊണ്ടിരിക്കുന്ന യുവജനങ്ങളെയാണ് നാം കണ്ടുവരുന്നത്. പള്ളിയിൽ പോകുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നു. മതം തന്നെ ഉപേക്ഷിച്ചവരും ദൈവവിശ്വാസം സംരക്ഷിക്കാൻ മതം/ഡിനോമിമേഷൻ ഇവ ആവശ്യമില്ലെന്ന് ചിന്തിക്കുന്നവരും ഉണ്ട്. രഹസ്യത്മകത (നിഗൂഢത) കൊണ്ടുനടക്കുന്നവരും ഉണ്ട്. സംഘടിത മതങ്ങളെ തള്ളിക്കളഞ്ഞു വ്യക്തിഗത കൾട്ടുകളിലേക്ക് ചുരുങ്ങുന്നവരും ഉണ്ട്. സഭയെപ്പറ്റിയുള്ള പരമ്പരാഗത ധാരണകളും മാറിയിട്ടുണ്ട്. മീഡിയാ ചർച്ച്, ഇലക്ട്രോണിക് ചർച്ച്, ഓപ്പൺ ചർച്ച്, സീക്രട്ട് ചർച്ച്, ക്രൈസ്റ്റ് ഫോളോവേർസ്, കമ്യൂണിറ്റി ചർച്ച്, ഇൻക്ലൂസീവ് ചർച്ച് ഇങ്ങനെ വിശകലനങ്ങളിൽ വ്യത്യാസം വന്നു തുടങ്ങി. പ്രഫഷണലിസത്തിന്റെയും കരിയറിസത്തിന്റെയും സ്വാധീനം, മെറ്റീരിയലിസത്തിന്റെയും ഉപഭോഗ സംസ്കാരത്തിന്റെയും സ്വാധീനം, മെറ്റാ മോഡണിസത്തിന്റെയും സ്വാധീനം, സെക്കുലറിസത്തിന്റെയും ലിബറൽ ഡെമോക്രസിയുടെയും സ്വാധീനം, യുക്തി ചിന്തയുടെയും ശാസ്ത്ര ബോധത്തിന്റെയും വളർച്ച, റാഡിക്കൽ ഹ്യൂമനിസത്തിന്റെയും നിരീശ്വര വാദത്തിന്റെയും ന്യൂ ലെഫ്റ്റ് ചിന്തകളുടെയും സ്വാധീനം, ഫ്രീ തിങ്കിംഗിന്റെയും പോസ്റ്റ് ലിബറൽ മൂവ്മെന്റിന്റെയും സ്വാധീനം, ന്യൂജൻ ആത്മീയതയും സൈബർ ആധുനികതയും സ്വാധീനം യുവാക്കളെ ക്ലാസ്സിക്കൽ പെന്തകോസ്ത് സ്പിരിചാലിറ്റിയിൽ നിന്നും പിന്നോട്ടടിക്കുന്ന അകറ്റുന്ന ഘടകങ്ങളാണ്.

വിശ്വാസപരമായ വീക്ഷണങ്ങളിലുള്ള വ്യതിയാനം, പരമ്പരാഗതമായ വിശ്വാസ ആചാരങ്ങളിലുള്ള അവമതിപ്പ്, സഭാപരമായ സംഘർഷങ്ങളിലുള്ള നൊമ്പരം ഇവയെല്ലാം ചെറുപ്പക്കാർക്ക് വിരക്തിയും മടിപ്പും ഉണ്ടാക്കുന്ന കാര്യങ്ങളാണ്. ലെജസിയിൽ നിന്നും ലീഗലിസത്തിലേക്ക് തലകുത്തി വീണ സഭ, റിവൈവലിന് പകരം സർവൈവലിന് പരിശ്രമിക്കുകയാണ്. ചലനം നഷ്ടപ്പെട്ട സഭ ഒരു നൂറ്റാണ്ടിന്റെ ലെജസിയിൽ നിർമ്മിക്കപ്പെട്ട സ്മാരകങ്ങളായി ഇന്ന് മാറിയിരിക്കുകയാണ്. എസ്റ്റാബ്ലിഷ്മെന്റുകളെ സംരക്ഷിക്കാനുള്ള കസ്റ്റോഡിയൻസ് അല്ല നേതാക്കന്മാർ. കേവലം ഇസ്റ്റിസ്റ്റ്യൂഷൻ ബിൽഡേഴ്സ് അല്ല ലീഡർഷിപ്പ്. നോൺ സീരിയസ് സബ്ജക്ടുകൾക്ക് ഊന്നൽ കൊടുക്കുന്ന സഭ, മേജർ വിഷയങ്ങളെ മൈനസ് ചെയ്ത്, ഭൗതീക വിഷയങ്ങളിൽ കുടുങ്ങി കിടക്കുകയാണ്. മൂർത്ത സാഹചര്യങ്ങളെ സഭ അഭിസംബോധന ചെയ്യുന്നില്ല. പുതിയ ഒരു പ്രതിസംസ്കാരം (Counter Culture) ആടിതിമിർക്കുകയാണ്. ഘടനാ വാദത്തിന് ശേഷം രൂപപ്പെട്ട അപനിർനിർമ്മാണം (De Construction) സൃഷ്ടിച്ച കോളിളക്കങ്ങൾ അരങ്ങ് തകർക്കുകയാണ്. ഫണ്ടമെന്റൽ ചിന്തകളെ തള്ളിയും വ്യക്തിഗത വാദങ്ങൾ അവതരിപ്പിച്ചും പരമ്പരാഗത ദർശങ്ങളെ അവർ നിരാകരിക്കുന്നു. ഒന്നും പരമമല്ല (absolute), എല്ലാം ആപേക്ഷികം (relativism) ആണെന്ന് ചിന്തിക്കുന്നവരാണ് അധികം പേരും.

സഭ പാപം എന്ന് പറയുന്ന കാര്യങ്ങളെ രാഷ്ട്രം ലീഗലൈസ് ചെയ്യുമ്പോൾ ഉണ്ടാകുന്ന ആശയക്കുഴപ്പം വലുതാണ്. ഈ പ്രതിസന്ധികളെ നാം മറികടക്കേണ്ടതുണ്ട്. അടിസ്ഥാന ദൈവശാസ്ത്രത്തിൽ അടിയുറച്ചു കൊണ്ട് പരിഷ്കരണം (updation) ആവശ്യമുള്ള മേഖലകളിൽ അഴിച്ചു പണി ആവശ്യമാണ്. കുടിയേറ്റം, പാലായനം, വിദേശ പഠനം, പ്രവാസിവൽക്കരണം ഇവ സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥ, ശൂന്യത, നഗരവത്ക്കരണം എന്നിവ ഉത്പാദിപ്പിക്കുന്ന നവ ലിബറൽ സംസ്കാരം, ചുറ്റുപാടുകളോട് പ്രതികരിക്കാതെ വരുമ്പോൾ ഉണ്ടാകുന്ന കൾച്ചറൽ ലാഗ്. ഇത്തരം പുതിയ പ്രവണതകൾ സഭയെ എങ്ങനെ ബാധിക്കുന്നു. പ്രവാസവും അഭയാർത്ഥിത്വവും തുടരുന്ന ഒരു വിപുലീകൃത സാംസ്കാരിക/ ചരിത്ര ഭൂപ്രദേശമായി പ്രത്യേകിച്ച് കേരളം പരിണമിച്ചിട്ടുണ്ട്. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള കേരളാ ഡയസ്പോറയെ വിശകലനം ചെയ്യാനും വിശദീകരിക്കാനും ഉതകുന്ന സാംസ്കാരികാന്വേഷണങ്ങൾ വിപുലീകരിക്കണം. നിയോ ലിബറൽ യുക്തികളോടുള്ള പ്രതികരണം ഗൗരവകരമായി പരിഗണിക്കണം. യുവാക്കൾ ഇല്ലാത്ത സഭയെക്കുറിച്ച് ചിന്തിക്കാൻ പറ്റുമോ?. ജെൻഡർ ഇഷ്യു കൈകാര്യം ചെയ്യുന്നതിൽ ഇന്നും സഭ പരാജയപ്പെടുകയാണ്.

നൂറ് വർഷം പിന്നിട്ട നമ്മുടെ യുവജന പ്രസ്ഥാനങ്ങളുടെ സ്റ്റേറ്റ് കമ്മിറ്റികളിൽ പെൺകുട്ടികൾക്ക് പ്രാതിനിധ്യം ഇല്ല. ഇന്നും ആൺകോയ്മ (male domination) നിലനിൽക്കുന്നു. ജെൻഡർ പൊളിറ്റിക്സിന്റെയും ജെൻഡർ ഐഡിയോളജിയുടെയും കാലത്ത് എൽജിബിറ്റി ക്യൂ, റാഡിക്കൽ ഫെമിനിസ്റ്റ് മൂവ്മെന്റ് തുടങ്ങിയവർ ഉന്നയിക്കുന്ന ചോദ്യങ്ങളെ അഭിസംബോധന ചെയ്യേണ്ടതുണ്ട്. ടെക്നോളജിയുടെ എല്ലാ സാധ്യതകളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് മതം പുതിയ മുതലാളിത്ത സ്ഥാപനമായി മാറാൻ സാധ്യതയുണ്ട് എന്ന നിരീക്ഷണം ഉണ്ട്. ഒരു പക്ഷെ, ടെക്നോളജി വളരുന്നതുകൊണ്ട് യാഥാസ്ഥിതികത്വം തളരണം എന്നില്ല. എന്നാൽ ടെക്നോളജിയുടെ വർദ്ധിതമായ ഉപയോഗത്തിന്റെ കാലത്ത് മതം അതിന്റെ കടുംപിടുത്തങ്ങളിൽ വിട്ടുവീഴ്ച ചെയ്യുമെന്നും മതത്തിന് അതിന്റെ യാഥാസ്ഥിതികത്വം കുറെയൊക്കെ ഉപേക്ഷിക്കേണ്ടി വരുമെന്ന മറിച്ചൊരു നിരീക്ഷണവും ചിന്തകരുടെ ഇടയിൽ ഉണ്ട്. പാഠ്യപദ്ധതിയിലെ പരിഷ്കരണത്തിലൂടെ ഇത്തരം പ്രശ്നങ്ങളെ മുറിച്ചു കടക്കേണ്ടതുണ്ട്. ചെറുപ്പക്കാരുടെ ഇടയിൽ ദൈവശാസ്ത്ര ബോധവും ചരിത്ര – ധർമ്മ ബോധവും വളർത്തിയെടുക്കുന്ന സമാന്തര വിദ്യാഭ്യാസ സാംസ്കാരിക പ്രസ്ഥാനമായി സഭ മാറണം. സഭയ്ക്കുള്ളിൽ യുവാക്കൾ അഭിമുഖീകരിക്കുന്ന ആഭ്യന്തര സംഘർഷങ്ങൾ യുവാക്കളിൽ ഏൽപ്പിക്കുന്ന മുറിവുകൾ, പെന്തകോസ്ത് സംവിധാനങ്ങളിൽ വരുത്തേണ്ട ഘടനാപരമായ പരിഷ്കരണങ്ങൾ, ശൈലി മാറ്റങ്ങൾ, സൈബർ കാലത്തെ ആത്മീക ജീവിതം, മതബോധനം (കാറ്റക്കറ്റിസം), വിശ്വാസ പരിശീലനം, അധ്യാപനം, പ്രഭാഷണം, അജപാലനം, നയരൂപീകരണം, ആസൂത്രണം, തുടങ്ങിയ മേഖലകളിൽ സ്വീകരിക്കേണ്ട രീതിശാസ്ത്രപരമായ തിരുത്തലുകൾ, സിലബസ് നിർമാണം, ഏകീകൃത വിശ്വാസ പ്രമാണം,ഡയലോഗുകളുടെ പ്രാധാന്യം, യുവജനങ്ങളുടെ നേതൃത്വപരമായ പങ്കാളിത്തം, മാധ്യമ വിദ്യാഭ്യാസം, തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് സംവാദം ഉയർന്നു വരണം. പുതിയ തലമുറയെ ജാഗ്രതയോടെ നോക്കി കാണേണ്ടതുണ്ട്. അല്ലെങ്കിൽ വലിയ തകർച്ചയായിരിക്കും നമ്മെ കാത്തിരിക്കുന്നത്. ■

PRAYER

പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാ വിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O.,
Kerala, pin 686 506. Phone : 04828223287
Email : prayercell@rediffmail.com

ഉയരവും ആഴവും അളക്കാനാവാത്ത

ദൈവ സ്നേഹം



പാസ്റ്റർ ഫിലിപ്പ് പി. തോമസ്

ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേറുപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു. ഇതാണ് നമ്മുടെ ഉറപ്പ്!

നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നേ ക്രിസ്തു തക്കസമയത്തു അഭക്തർക്കുവേണ്ടി മരിച്ചു. നീതിമാനുവേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം; ഗുണവാനുവേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു (റോമ 5:6–8).

മലാഖി പ്രവചനത്തിൽ ദൈവത്തിന് അനിഷ്ടമായ ഏഴു ചോദ്യങ്ങൾ ജനം ചോദിക്കുന്നുണ്ട്. അതിൽ ആദ്യത്തെ ചോദ്യം: നീ ഞങ്ങളെ ഏതിനാൽ സ്നേഹിക്കുന്നു എന്നാണ് (മലാഖി 1: 2). ദൈവത്തിന്റെ സ്നേഹത്തെ സംശയിച്ചവരോട് ദൈവം പറഞ്ഞ മറുപടി; 'ഏശാവു യാക്കോബിന്റെ സഹോദരനല്ലയോ; എങ്കിലും ഞാൻ യാക്കോബിനെ സ്നേഹിക്കുന്നു എന്നു യഹോവയുടെ അരുളപ്പാടു' എന്നാണ്. യാക്കോബിനെ ദൈവം തെരഞ്ഞെടുത്തത് അവരെ ഓർമ്മിപ്പിക്കുകയാണ്. യാക്കോബോ ഏശാവോ എന്തെങ്കിലും ഗുണമോ ദോഷമോ ചെയ്തതിന്റെ അടിസ്ഥാനത്തിലല്ല, ദൈവം യാക്കോബിനെ തെരഞ്ഞെടുത്തത്. അത് വിളിച്ചവന്റെ ഇഷ്ടപ്രകാരം മാത്രമായിരുന്നു എന്ന് റോമാ ലേഖനം വ്യക്തമാക്കുന്നു. അഥവാ യിസ്രായേൽ ജനത്തെ ദൈവം അവരുടെ യാതൊരു ഗുണവും നോക്കാത തെരഞ്ഞെടുത്തത് ദൈവം അവരെ സ്നേഹിക്കുന്നു എന്നുള്ളതിന്റെ തെളിവാണ്. ദൈവം നമ്മെ ഓരോരുത്തരെയും തെരഞ്ഞെടുത്തത് അവിടുത്തെ സ്നേഹത്തിന്റെ ഉദാത്തമായ തെളിവാണ്.

'നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്നു അവൻ ലോകസ്ഥാപനത്തിന്നു മുമ്പെ നമ്മെ അവനിൽ തെരഞ്ഞെടുക്കയും..........' (എഫെ. 1:4). ദൈവം നമ്മെ തെരഞ്ഞെടുത്തത് നമ്മുടെ ജനനശേഷം അല്ല, ഗുണം നോക്കിയുമല്ല. വിശുദ്ധരായതുകൊണ്ടുമല്ല, വിശുദ്ധരാകേണ്ടതിനു വേണ്ടി തെരഞ്ഞെടുത്തതാണ്. നമ്മെ തെരഞ്ഞെടുക്കുമ്പോൾ തന്നെ, നാം പാപം ചെയ്യുമെന്ന് ദൈവത്തിന് അറിയാമായിരുന്നു. അന്നേ ബലിയാകുവാൻ ദൈവകുഞ്ഞാടിനെ കരുതുകയും ചെയ്തു. ദൈവത്തിന്റെ ഏറ്റവും വലിയ കരുതൽ ഇതാണ്. മനുഷ്യൻ പാപം ചെയ്തതിനു ശേഷം ദൈവം തട്ടിക്കൂട്ടിയ ഒരു ഏർപ്പാടല്ല ക്രൂശ്. യുഗങ്ങൾക്ക് മുൻപ് തന്നെ നമ്മുടെ പാപത്തിന്റെ പരിഹാരത്തിനായി ബലിയാകുവാൻ പുത്രനെ കരുതിയ ദൈവസ്നേഹം അവർണ്ണനീയമാണ്.

സ്നേഹമില്ലാത്ത ആരാധനയോ ?

ദൈവസ്നേഹത്തെ സംശയിച്ച യഹൂദന്മാരോട് ദൈവം പറഞ്ഞ കാര്യം കൂടെ കാണുക. ' നിങ്ങൾ എന്റെ യാഗപീഠത്തിന്മേൽ വെറുതെ തീ കത്തിക്കാതിരിക്കേണ്ടതിന്നു നിങ്ങളിൽ ആരെങ്കിലും വാതിൽ അടെച്ചുകളഞ്ഞാൽ കൊള്ളായിരുന്നു' (1:10...:). ദൈവസ്നേഹത്തെ സംശയിക്കുന്നവരും, ദൈവത്തോട് ബഹുമാനമില്ലാത്തവരും വെറുതെ തീ കത്തിക്കണ്ട എന്നാണ് ദൈവം പറഞ്ഞത്. തൊണ്ടക്ക് വൈബ്രേഷൻ ഇട്ട്, ഒച്ച വെച്ച് വെറുതെ തീ കത്തിക്കുന്ന, അലറിവിളിക്കുന്ന ഒത്തിരി ആളുകളുണ്ട്. ആരവം എല്ലാം ആരാധനയല്ല. ആരാധനയുടെ ഉറവിടം ദൈവസ്നേഹമാണ്. അത് ഹൃദയത്തിൽ നിന്നും ഉയരേണ്ടതാണ്. നാം ആരും ദൈവത്തിന്റെ പുറകെ പോയതല്ല, ദൈവം നമ്മുടെ പുറകെ വന്നു സ്നേഹിച്ചതാണ്. ഏദൻ തോട്ടത്തിൽ പാപം ചെയ്ത ആദം ഹവ്വമാർ ദൈവത്തിന്റെ പിന്നാലെ ചെന്നതല്ല, ദൈവം അവരെ അന്വേഷിച്ച് തോട്ടത്തിൽ വരികയായിരുന്നു. അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം അവനെ സ്നേഹിക്കുന്നു (1യോഹ 4: 19).

നമ്മുടെ ബലഹീനതയിൽ സ്നേഹിച്ചു

നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നേ ക്രിസ്തു തക്കസമയത്തു അഭക്തർക്കുവേണ്ടി മരിച്ചു (റോമർ 5:6). ഇവിടെ പറയുന്ന ബലഹീനത നമ്മുടെ ശാരീരിക ബലഹീനതയല്ല. യാതൊരു പ്രവർത്തികളാലും നമ്മുടെ പാപത്തിന് നമുക്കു തന്നെ പരിഹാരം വരുത്തുവാൻ കഴിയാത്ത ബലഹീനതയാണ്. കർമ്മ മാർഗം ഏദനിൽ പരാജയപ്പെട്ടതാണ്. ന്യായപ്രമാണത്തിനും പാപത്തിന് ശാശ്വതമായ പരിഹാരം വരുത്തുവാൻ കഴിഞ്ഞില്ല. അസാധ്യമെന്ന് കരുതിയ, അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പ് സാധിപ്പിച്ചത് യേശുവിന്റെ ക്രൂശു മരണവും ഉയിർപ്പുമാണ്. ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിന്നു കഴിയാഞ്ഞതിനെ (സാധിപ്പാൻ) ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു, പാപത്തിന്നു ജഡത്തിൽ ശിക്ഷ വിധിച്ചു (റോമർ 8:3).

നീതിമാനുവേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം; ഗുണവാനുവേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും (റോമർ 5:7). സ്നേഹത്തിന്റെ പ്രദർശനം ക്രൂശ് ആണ്. ഒരാൾ നീതിമാനായി നമ്മുടെ അയൽപക്കത്ത് താമസിക്കുന്നതുകൊണ്ട് മറ്റൊരാൾക്ക് പ്രത്യേകിച്ച് ഗുണം ഉണ്ടാകണമെന്നില്ല. മറ്റാർക്കും ഒരു ഗുണവും ചെയ്യാത്ത നീതിമാന്മാർ ഉണ്ട്. അവർക്കുവേണ്ടി മറ്റൊരാൾ മരിക്കുവാൻ തയ്യാറാവില്ല. ഒരാൾക്കുവേണ്ടി നാം എന്തെങ്കിലും ത്യാഗം ചെയ്താൽ തിരിച്ച് എന്തെങ്കിലും നന്മ ലഭിക്കുമെന്ന് പ്രതീക്ഷ ഉണ്ടെങ്കിൽ, അയാൾക്കു വേണ്ടി ആരെങ്കിലും ത്യാഗം സഹിച്ചേക്കും. എന്നാൽ നീതിമാനുമല്ല, ഗുണവാനുമല്ലാത്ത ഒരാൾക്കുവേണ്ടി ആരെങ്കിലും മരിക്കുമോ? ക്രിസ്തു അതാണ് ചെയ്തത്. നാം പാപികളായിരിക്കുമ്പോൾ ക്രിസ്തു നമുക്കു വേണ്ടി മരിച്ചു, അതാണ് സ്നേഹം. ക്രിസ്തു ക്രൂശിൽ മരിച്ചുവെന്നതല്ല, പാപിക്കുവേണ്ടി മരിച്ചു എന്നുള്ളതാണ് സ്നേഹത്തിന്റെ പ്രദർശനം.

ദൈവസ്നേഹത്തിന്റെ ചില പ്രത്യേകതകൾ

a) നിത്യ സ്നേഹമാണ് (യിര 31:3). നമ്മെ ആദ്യം സ്നേഹിച്ചത് മാതാപിതാക്കന്മാരോ മക്കളോ ഭാര്യയോ അല്ല, ദൈവം നിത്യത മുതൽ തന്നെ സ്നേഹിച്ചു. ഈ സ്നേഹത്തിന് ഏറ്റക്കുറച്ചിൽ ഇല്ല.

b) കാരണം കൂടാതെ സ്നേഹിച്ചു. ദൈവം നമ്മുടെ പ്രാർത്ഥനയും യാചനയും കേട്ടതുകൊണ്ട് നാം ദൈവത്തെ സ്നേഹിക്കുന്നു. നമ്മുടെ സ്നേഹത്തിന് കാരണം ഉണ്ട്. എന്നാൽ നമ്മിൽ നിന്ന് ഒന്നും പ്രതീക്ഷിക്കാതെ, കാരണം കൂടാതെ ദൈവം നമ്മെ സ്നേഹിച്ചു, സ്നേഹിക്കുന്നു.

c) നിഗൂഡ ലക്ഷ്യങ്ങൾ ഇല്ല. പൊത്തിഫറിന്റെ ഭാര്യ യോസഫിനെ സ്നേഹിച്ചത് അദ്ദേഹം കോമള രൂപൻ ആയിരുന്നതുകൊണ്ടാണ്. അവനുമായി ശയിക്കുവാനുള്ള ആഗ്രഹമായിരുന്നു സ്നേഹത്തിന് പിന്നിൽ. ലക്ഷ്യം സാധിക്കാതെ വന്നപ്പോൾ യോസഫിനെതിരെ അപവാദം പറയുകയും ചെയ്തു.

d) ജീവൻ തന്ന സ്നേഹം (യോഹ 15:13; യോഹ 3:16) അവയവ ദാനം നടക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. കിഡ്നി കേടായ ഒരാൾക്കുവേണ്ടി മറ്റൊരാൾ രണ്ടിൽ ഒരു കിഡ്നി നൽകിയേക്കും. കരൾ രോഗിക്കുവേണ്ടി കരളിൽ കുറച്ച് ദാനം ചെയ്യുന്നവർ ഉണ്ട്. എന്നാൽ ക്രിസ്തു നമുക്കു തന്നത് ഏതെങ്കിലും അവയവം അല്ല. നമുക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായി ഉണ്ടാകുവാനും അവിടുന്ന് ജീവൻ നൽകി സ്നേഹിച്ചു. സ്നേഹിതന്മാർക്കു വേണ്ടി ജീവനെ നൽകുന്നതിലും വലിയ സ്നേഹം ഇല്ല.

സ്നേഹത്തിന്റെ അളവ്

ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന്നും വരം നല്കേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടുംകൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു (എഫേ. 3:17–19). ദൈവസ്നേഹം അളക്കുവാൻ കഴിയുമോ ? ഒരിക്കലും ഇല്ല. എന്നാൽ അത് അറിയണം എന്ന് പൗലോസ് പറയുന്നു. ദൈവസ്നേഹത്തിന് സകലരെയും ഉൾക്കൊള്ളുവാനുള്ള വീതി ഉണ്ട്. അതിന് നിത്യത വരെ നീളമുണ്ട്. ഏതു പാപിയെയും പാപക്കുഴിയിൽ നിന്നും കരകയറ്റാനുള്ള ആഴമുണ്ട്. സ്വർഗത്തോളം എത്തിക്കുവാനുള്ള ഉയരവും ഉണ്ട്. അതു കൊണ്ടാണ് ഇങ്ങനെ പാടുന്നത്.

ദൈവസ്നേഹമേ ദൈവസ്നേഹമേ

അതിനുള്ളകലമുയരമാഴമപ്രമേയമേ

പാപക്കുഴിയിലാണ്ടു പോയ നരനു മോചനം

പ്രാപിപ്പതി–നിതിന്റെയാഴമാണു കാരണം

വേർപിരിക്കുവാൻ കഴിയാത്ത സ്നേഹം

ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേറുപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു (റോമ.8: 35–39). ഇതാണ് നമ്മുടെ ഉറപ്പ്!



സിൽവർ ജൂബിലി ഗ്രാജുവേഷൻ നടന്നു

തിരുവല്ല: ഡു ലോസ് ബിബ്ലിക്കൽ സെമിനാരി വെച്ചൂച്ചിറ, തിരുവല്ല സിൽവർ ജൂബിലി ഗ്രാജുവേഷൻ തിരുവല്ല കൊമ്പാടിയിൽ നടന്നു . ഡുലോസ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കൗൺസിലിംഗ് ആൻഡ് സൈക്കോളജിയുടെ യും ചേർന്ന് എഴുപതോളം വിദ്യാർഥികൾ ഗ്രാജുവേറ്റ് ചെയ്തു. സെമിനാരിയുടെ പ്രിൻസിപ്പൽ ഡോ: ബെൻസൺ വി യോഹന്നാൻ അധ്യക്ഷനായിരുന്ന സമ്മേളനം പാസ്റ്റർ സി വി ചാക്കോ പ്രാർത്ഥിച്ചാരംഭിച്ചു. സെമിനാരിയുടെ അക്കാദമിക് ഡീൻ റവ അജു അലക്സ് സ്വാഗത പ്രസംഗം നടത്തി കോൺവെക്കേഷൻ സന്ദേശം ഡോ: അലക്സ് ജോൺ, ഡോ: വി പി ജോസ് എന്നിവർ നിർവഹിച്ചു. സിസ്റ്റർ ഗിരിജാ സാം, സിസ്റ്റർ ലിജോ ബെൻസൺ, സിസ്റ്റർ സുബി ജോൺസൺ, സിസ്റ്റർ ജയിനി പാസ്റ്റർ തോമസ് മാത്യു, പാസ്റ്റർ വിഎ സണ്ണി, പാസ്റ്റർ വിജി തോമസുകുട്ടി, ഡോ സിനോജ് ജോർജ്, ജോൺസൺ മാത്യു, ഡോ: ജെയിംസ് മാത്യു, ഡോ.റൂബിൾ, പാസ്റ്റർ ജോൺ മാമൻ, ബ്രദർ പീറ്റർ കല്ലുങ്കൽ, പാസ്റ്റർ ജിസ്മോൻ, പാസ്റ്റർ ജേക്കബ്, പാസ്റ്റർ ബിബു, പാസ്റ്റർ വികൂർ മലയിൽ, ബ്രദർ റോയി ആന്റണി എന്നിവർ ആശംസകൾ അറിയിച്ചു, ബ്രദർ ജിസ്സൺആന്റണി, ബ്രദർ ജിംമ്റ്റി എന്നിവർ ഗാനശുശ്രൂഷ നിർവഹിച്ചു. സെമിനാരിയുടെ അധ്യാപകൻ തോമസ് ജോർജ് നന്ദി പ്രകാശിപ്പിച്ചു.

മലനാട് കൺവൻഷൻ ഫെബ്രു. 6 മുതൽ

ഇടുക്കി: മലനാട്ടിലെ പെന്തെക്കോസ്തു സഭകളുടെ സംയുക്ത സംഗമ വേദിയായ മലനാട് കൺവൻഷൻ മഹാസംഗമത്തിനു ഒരുക്കങ്ങൾ പൂർത്തിയായി. ഫെബ്രുവരി 6 വ്യാഴം മുതൽ 9 ഞായർ വരെ എല്ലാ ദിവസവും വൈകിട്ട് 6-9 വരെ ഇടുക്കി സ്പോട്സ് കൗൺസിൽ മൈതാനത്ത് നടക്കും. ഫെബ്രു.9 വ്യാഴം വൈകിട്ട് 6 ന് ജനറൽ കൺവീനർ ഡോ.കെ.വി.പോൾ ഉൽഘാടനം ചെയ്യും. ചെയർമാൻ പാസ്റ്റർ ഷാജി ഇടുക്കി അദ്ധ്യക്ഷനായിരിക്കും.

തുടർന്നുള്ള ദിവസങ്ങളിൽ ഡോ. തെരേസാ പോൾ, റവ ഡോ. തോമസ് അമ്പുക്കയം, പാസ്റ്റർ പ്രശാന്ത് ജോസ് (ബംഗളുരു), പാസ്റ്റർ ജോ തോമസ് (ബംഗളുരു) എന്നിവർ പ്രസംഗിക്കും. ഫെബ്രുവരി 7 വെള്ളി രാവിലെ 10 മുതൽ പവ്വർ കോൺഫറൻസും, 8 ശനി രാവിലെ 10 മുതൽ പാസ്റ്റേഴ്സ് ആൻഡ് ഫാമിലി കോൺഫറൻസും 9 ഞായർ രാവിലെ 9 മുതൽ സമീപപ്രദേശങ്ങളിലെ ദൈവസഭകളുടെ സംയുക്ത ആരാധനയും തിരുവത്താഴ ശുശ്രൂഷയും നടക്കും. ഇവാ. ജോസ് കലയപുരം നയിക്കുന്ന ഹെവൻലി ബീറ്റ്സ്, കൊട്ടാരക്കര ഗാനശുശ്രൂഷ നിർവഹിക്കും. ഞായറാഴ്ച രാത്രി പൊതുയോഗത്തോടെ 2025 മലനാട് കൺവൻഷൻ സമാപിക്കും.

ഇവാ. ജോ ഇടുക്കി, പാസ്റ്റർമാരായ ജോസ് മാമ്മൻ, സന്തോഷ് ഇടക്കര, ഷാജി ജെയിംസ്, സജി കെ.കെ, സാജു ഫിലിപ്പ്, ഷിനോജ് ടി.വി, ജോസ് കല്ലുകാലാ, മനോജ് ജോസഫ് എന്നിവർ കൺവീനർമാരായ കമ്മറ്റി കൺവൻഷനു നേതൃത്വം നൽകും. മലനാട് പെന്തക്കോസ്തു കൂട്ടായ്മയും, നാഷണൽ പ്രെയർ മൂവ്മെന്റും, നാഷണൽ വിമൻസ് മൂവ്മെന്റും ചേർന്ന് ഒരുക്കുന്ന ഈ മഹാസംഗമം മലയാള പെന്തക്കോസ്ത് ചരിത്രത്താളുകളിൽ ഇടം നേടിയ കൺവൻഷനാണ്.

രാജ്യത്ത് ക്രൈസ്ത പീഡനം പെരുകുന്നു:

യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം

ന്യൂഡൽഹി: രാജ്യത്ത് 2014 മുതലിങ്ങോട്ടുള്ള പത്തുവർഷത്തിനിടെ ക്രൈസ്തവർക്കുനേരേയുള്ള പീഡനങ്ങൾ വർധിച്ചതായി യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം. ഇക്കാലയളവിൽ 4356 അക്രമങ്ങളാണ് ക്രൈസ്തവർക്കെതിരേ രാജ്യത്ത് റിപ്പോർട്ട് ചെയ്തത്. 2023-നെ അപേക്ഷിച്ച് 2024-ൽ 100 അക്രമ സംഭവങ്ങൾ കൂടി. 2023-ൽ 734 ആയിരുന്നത് 2024-ൽ 834 ആയി വർധിച്ചു.

ക്രൈസ്തവദേവാലയങ്ങൾ തകർക്കുകയും കത്തിക്കുകയും ചെയ്യുന്നത് ആവർത്തിക്കുന്നെന്നും മതപരിവർത്തനം ആരോപിച്ച് ക്രിസ്ത്യാനികളെ കള്ളക്കേസിൽ കുടുക്കുന്നെന്നും ക്രൈസ്തവസംഘടനകൾ ആരോപിക്കുന്നു. ഉത്തർപ്രദേശിൽമാത്രം 2020 നവംബർമുതൽ 2024 ജൂലായ് 31 വരെ മതപരിവർത്തനം ആരോപിച്ച് 835-ലധികം കേസെടുത്തെങ്കിലും ഇതിൽ നാലുസംഭവങ്ങളിൽ മാത്രമാണ് അക്രമികൾ ശിക്ഷിക്കപ്പെട്ടത്. 2011-ലെ സെൻസസ് പ്രകാരം രാജ്യത്തെ ജനസംഖ്യയിൽ 2.32 ശതമാനം മാത്രമാണ് ക്രൈസ്തവർ.

ഷാജൻ പാറക്കടവിലിന് ഇന്ത്യാ ബുക്ക് ഓഫ് അവാർഡ്, എലൈറ്റ് ബുക്ക് ഓഫ് അവാർഡ്

കോട്ടയം: പ്രശസ്ത എഴുത്തുകാരനും മാധ്യമപ്രവർത്തകനും അവതാരകനുമായ ഷാജൻ പാറക്കടവിലിന് ഇന്ത്യ ബുക്ക് ഓഫ് അവാർഡ്, എലൈറ്റ് ബുക്ക് ഓഫ് അവാർഡ് ലഭിച്ചു. ഇന്ത്യയിൽ ഒരു വ്യക്തി മലയാള ഭാഷയിൽ ഏറ്റവും കൂടുതൽ പ്രചോദാത്മക ചിന്തകൾ ഫെയ്സ്ബുക്കിൽ എഴുതിയതിനാണ് (Maximum inspirational qoutes in malayalam posted on facebook by a-n individual) ഈ അവാർഡുകൾ ലഭിച്ചത്. 2023 ഫെബ്രുവരി പതിനഞ്ചാം തീയതി മുതൽ 2024 ഡിസംബർ 9 വരെ എല്ലാ ദിവസങ്ങളിലും ഫെയ്സ്ബുക്കിൽ എഴുതുന്ന 'സചേതന ചിന്തകൾ' എന്ന പ്രചോദാത്മക ചിന്തകൾ 550 - എണ്ണം തികഞ്ഞപ്പോഴാണ് ഈ അവാർഡുകൾ ലഭിച്ചത്.

ഇന്ത്യയിൽ ഏറ്റവും മികച്ച നേട്ടങ്ങൾ കൈവരിക്കുന്നവർക്ക് ഈ അവാർഡുകൾ ലഭിച്ചതിൽ ഏറെ സന്തോഷവും അഭിമാനവുമുണ്ടന്ന് അദ്ദേഹം പറഞ്ഞു.

ആത്മീയ യാത്ര ടെലിവിഷൻ, പവർ വിഷൻ ടെലിവിഷൻ എന്നീ ചാനലുകളിൽ സീനിയർ പ്രോഗ്രാം ഡയറക്ടറായി പ്രവർത്തിച്ച ഇദ്ദേഹം ആത്മീയ യാത്ര റേഡിയോയ്ക്ക് വേണ്ടി 375-ൽ പരം റേഡിയോ നാടകങ്ങൾ എഴുതി സംവിധാനം ചെയ്യുകയും കഥാപാത്രങ്ങൾക്ക് ശബ്ദം നൽകുകയും ചെയ്തിട്ടുണ്ട്. ടെലിവിഷൻ ചാനലുകൾക്ക് വേണ്ടി നിരവധി പ്രോഗ്രാമുകൾ എഴുതി സംവിധാനം ചെയ്ത ഇദ്ദേഹം മാരാമൺ കൺവെൻഷനു വേണ്ടി മനോരമ മ്യൂസിക്കലിലൂടെ മൂന്നു ഗാനങ്ങൾ എഴുതി സംഗീതസംവിധാനം നിർവഹിച്ചു. വിവിധ വിഭാഗങ്ങളിൽപ്പെട്ട 500 ലധികം ഗാനങ്ങൾ എഴുതുകയും 200 ഓളം ഗാനങ്ങൾക്ക് രചനയും സംഗീതവും നിർവഹിക്കുകയും ചെയ്തു. ' 'നീങ്ങിപ്പോയ് ഭാരങ്ങൾ' എന്ന എന്ന ആഗോള പ്രശസ്ത ഗാനത്തിന് രചനയും സംഗീതവും നിർവഹിച്ചതും ഇദ്ദേഹമാണ്.

ഫെയ്സ്ബുക്കിൽ ഇപ്പോൾ എല്ലാ ദിവസവും ഷാജൻ പാറക്കടവിലിന്റെ ദിനവൃത്താന്തങ്ങൾ എന്ന പേരിൽ ബ്ലോഗ് എഴുതാറുണ്ട്. ചാനലുകളിലും സോഷ്യൽ മീഡിയയിൽ വൈവിധ്യമാർന്ന പ്രോഗ്രാമുകൾ അവതരിപ്പിക്കുന്ന ഇദ്ദേഹം മികച്ച അവതാരകൻ കൂടിയാണ്. ഭാര്യ സോണിയ ഷാജൻ പ്രശസ്ത ക്രിസ്തീയ ഗായികയാണ്. മക്കൾ വിദ്യാർഥികളായ സേറ സോണ ഷാജൻ, സെറീൻ സോണ ഷാജൻ.

വരിസംഖ്യയും മേൽവിലാസവും പുതുക്കുക

The Editor, Sworgeeya Dwoni, P.O. Box. 35, Adoor Shopping Complex, K.S.R.T.C Jn., Adoor-691 523
Sworgeeyadwoni, A/C No. 10420200004867, IFSC Code: FDRL 0001042, Federal Bank, Adoor.
Google pay No. 9447593865. Name : Finny P Mathew

ഐപിസി കർണാടക സ്റ്റേറ്റ് കൺവെൻഷന് അനുഗ്രഹീത സമാപനം

ബെംഗളൂരു: സഭയും വിശ്വാസികളും തിരുവചന സത്യങ്ങൾക്ക് വേണ്ടി നിലകൊള്ളണമെന്ന് ഐ.പി.സി സംസ്ഥാന സെക്രട്ടറി പാസ്റ്റർ ഡോ.വർഗീസ് ഫിലിപ്പ് പ്രസ്താവിച്ചു.

കൊത്തന്നൂർ എബനേസർ ക്യാംപസ് ഗ്രൗണ്ടിൽ നാല് ദിവസമായി നടന്ന ഇന്ത്യാ പെന്തെക്കൊസ്ത് ദൈവസഭ (ഐപിസി) കർണാടക സ്റ്റേറ്റ് 38-ാമത് വാർഷിക കൺവൻഷനിൽ സമാപനദിന സംയുക്ത സഭാ യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സഭയുടെ ശക്തി ആളുകളുടെ എണ്ണത്തിൽ അല്ല. ദൈവവചനത്തിന്റെ അടിസ്ഥാന സത്യങ്ങൾക്ക് വേണ്ടി നിലകൊള്ളുകയാണ്. ഓരോ വിശ്വാസിയും വേദപുസ്തകം കൃത്യമായി പഠിച്ച് അതിനോട് നീതി പുലർത്തിതികഞ്ഞ വിശ്വസ്തതയോടെ പ്രവർത്തിക്കുന്നവരാകണമെന്നും വിശ്വസ്തത പുലർത്തുന്നവരെയാണ് ദൈവം അനുഗ്രഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. പാസ്റ്റർ എൻ.സി.ഫിലിപ്പ് സങ്കീർത്തന വായനയും ബ്രദർ. ജോയ് പാപ്പച്ചൻ നന്ദിയും രേഖപ്പെടുത്തി.

കൺവെൻഷനിൽ പാസ്റ്റർമാരായ സാം ജോർജ്, വിൽസൺ ജോസഫ്, റ്റി.ഡി. തോമസ്, ഷിബു തോമസ്, ഇ.ഡി. ചെല്ലാദുരൈ, ഡോ.ജോൺ കെ.മാത്യൂ, ഡോ. അലക്സ് ജോൺ, രാജു ഗരു എന്നിവർ വിവിധ ദിവസങ്ങളിൽ പ്രസംഗിച്ചു. കൺവെൻഷനിൽ ഗാനശുശ്രൂഷ, സുവിശഷ പ്രസംഗം, ബൈബിൾ ക്ലാസ്, വനിതാ സമാജം സമ്മേളനം, പിവൈപിഎ, സൺഡേസ്ക്കൂൾ വാർഷിക സമ്മേളനം എന്നിവ നടന്നു. ജനറൽ കൺവീനർ പാസ്റ്റർ ഡോ. വർഗീസ് ഫിലിപ്പ്, ജോയിന്റ് കൺവീനർമാരായ പാസ്റ്റർ സി.പി. സാമുവേൽ, ബ്രദർ സജി. ടി. പാറേൽ, പബ്ലിസിറ്റി കൺവീനർ പാസ്റ്റർ വിൽസൺ തോമസ് എന്നിവർ നേതൃത്വം നൽകി.

ചാക്കോ കെ തോമസ്, ബെംഗളൂരു

പ്രവർത്തന ഉദ്ഘാടനം

കൊട്ടാരക്കര: ചാത്തന്നൂർ ശാരോൻ സഭയിൽ നടന്ന കൊട്ടാരക്കര റീജിയൻ മാസയോഗത്തിൽ വച്ച് ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ചാത്തന്നൂർ സെന്റർ ഇവാഞ്ചലിസം ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചു. ചാത്തന്നൂർ സെന്റർ മിനിസ്റ്റർ പാസ്റ്റർ ജോൺ തോമസ്സിന്റെ അധ്യക്ഷതയിൽ റീജിയൻ മിനിസ്റ്റർ പാസ്റ്റർ ഇടിച്ചെറിയാൻ കുഞ്ഞപ്പി ഉദ്ഘാടനം ചെയ്തു.

സെന്റർ ഇവഞ്ചലിസം ചെയർമാൻ പാസ്റ്റർ ലൗസൺ ഐസക്ക്, വൈസ് ചെയർമാൻ പാസ്റ്റർ വിജു വി. എസ്, സെക്രട്ടറി പാസ്റ്റർ അലക്സാണ്ടർ കോശി, ജോയിന്റ് സെക്രട്ടറി പാസ്റ്റർ പ്രവീൺ പ്രചോദന, ട്രഷറാർ ബ്രദർ ആമോസക്കുട്ടി, അഡ്വൈസറി ബോർഡ് അംഗങ്ങളായ പാസ്റ്റർ ഓ. യോഹന്നാൻകുട്ടി, പാസ്റ്റർ ബിനോ യോഹന്നാൻ, പാസ്റ്റർ ബിജു ജോർജ് എന്നിവർ സന്നിഹിതരായിരുന്നു. റീജിയനിലെ പാസ്റ്റർമാരും വിശ്വാസികളും പങ്കെടുത്തു. ഇവാഞ്ചലിസം ബോർഡിന്റെ പ്രഥമ പ്രവർത്തനം ജനുവരി 21 ചൊവ്വാഴ്ച 8.30 മുതൽ വർക്കല നിലക്കാമുക്കിൽ നടക്കും.

സിൽവർ ജൂബിലി നിറവിൽ കേരളാതിയോളജിക്കൽ സെമിനാരി

കൊട്ടാരക്കര : ലോക സുവിശേഷീകരണത്തിൽ ചൈതന്യവും പുതുമയും നൽകിക്കൊണ്ട് കേരള തിയോളജിക്കൽ സെമിനാരി സഭാ ചരിത്രത്തിൽ സുവർണ്ണ ചിത്രമായി മുന്നേറുകയാണ്. ആഗോളസുവിശേഷീകരണം എന്ന മഹത്തായ ദർശനത്തോടു കൂടി കൊട്ടാരക്കര കേന്ദ്രമാക്കി ആരംഭിച്ച അനുഗ്രഹീത വേദപാഠശാലയാണ് കേരളാ തിയോളജിക്കൽ സെമിനാരി. കേരളാ തിയോളജിക്കൽ സെമിനാരി ലോകസുവിശേഷീകരണത്തിൽ ചൈതന്യവും പുതുമയും നൽകിക്കൊണ്ട് കേരള തിയോളജിക്കൽ സെമിനാരി സഭാ ചരിത്രത്തിൽ സുവർണ്ണ ചിത്രമായി മുന്നേറുകയാണ്.

വിവിധ തിയോളജിക്കൽ സർവ്വകലാശാലകളിൽ രണ്ട് ദശാബ്ദം വേദശാസ്ത്രപഠനം നടത്തിയിട്ടുള്ള അനുഗ്രഹീതനായ പാസ്റ്റർ ഡോ. കുഞ്ഞപ്പൻ സി. വർഗ്ഗീസാണ് സെമിനാരിയുടെ സ്ഥാപക പ്രസിഡൻറ്. വേദശാസ്ത്രത്തിൽ അംഗീകൃത ഡോക്ടറേറ്റ് നേടിയിട്ടുള്ള പാസ്റ്റർ കുഞ്ഞപ്പൻ സി. വർഗ്ഗീസ് പ്രഭാഷകനും എഴുത്തുകാരനുമാണ്. സാലി വർഗ്ഗീസാണ് സഹധർമ്മിണി.

ഇരുപത്തിരണ്ട് വിദ്യാർത്ഥികളുമായി ആദ്യ അദ്ധ്യായന വർഷം ആരംഭിച്ച ഈ സ്ഥാപനത്തിൽ ഇന്ന് (2024-2025) ഇന്ത്യയിലെ 14 സംസ്ഥാനങ്ങളിൽ നിന്നുമുള്ള 100 ഓളം വിദ്യാർത്ഥികളാണ് ദൈവവചനം പഠിക്കുന്നത്. 2015 ൽ സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ B.D., (4 വർഷം), B.D. (5 വർഷം) കോഴ്സുകളും 2020 ൽ B.Th. (3 വർഷം) കോഴ്സും ആരംഭിച്ചു. കൂടാതെ മലയാളം, ഇംഗ്ലീഷ് വിഭാഗങ്ങളിലായി C.Th., Dip.Th., G.Th. തുടങ്ങിയ പ്രോഗ്രാമുകളും നടത്തുന്നു.

സെമിനാരിയുടെ ആദ്യ അദ്ധ്യയന വർഷത്തിൽ തന്നെ ചിക്കാഗോയിലുള്ള ട്രിനിറ്റി ഇൻറർനാഷണൽ യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചു. തുടർന്ന് 2007-ൽ എ.റ്റി.എ.യുടെ അക്രഡിറ്റേഷനും ലഭിച്ചു. ഐ.പി.സി ജനറൽ കൗൺസിലിൻറെ അംഗീകാരമുള്ള ഈ സ്ഥാപനത്തിന് 2015 ഫെബ്രുവരിയിൽ സെറാംപൂർ യൂണിവേഴ്സിറ്റിയുടെ അഫിലിയേഷൻ ലഭിച്ചു.

റീജിയൻ കൺവൻഷൻ

പള്ളിക്കര: ശാരോൻ ഫെലോഷിപ്പ് ചർച്ച് എറണാകുളം റീജിയൻ കൺവൻഷൻ 2025 ഫെബ്രുവരി 7,8,9 തീയതികളിൽ കിഴക്കമ്പലം കലാ ഓഡിറ്റോറിയത്തിൽ നടക്കും. വെള്ളി, ശനി ദിവസങ്ങളിൽ വൈകുന്നേരം 5.30 മുതൽ 9.00 വരെ പൊതുയോഗങ്ങളും ഞായർ രാവിലെ 9.00 മുതൽ 12.30 വരെ സംയുക്ത സഭായോഗവും ഉണ്ടായിരിക്കും.

പാസ്റ്റർമാരായ ഫിന്നി ജേക്കബ്, ഡോ. ജേക്കബ് മാത്യു, തോമസ് ബേബി, സാമുവേൽ എഡിസൻ എന്നിവർ വചന ശുശ്രൂഷ നിർവ്വഹിക്കും. കൺവൻഷനോടു ചേർന്ന് സി.ഇ. എം, സണ്ടേസ്കൂൾ സംയുക്ത സമ്മേളനം പള്ളിക്കര വ്യാപാര ഭവൻ ഓഡിറ്റോറിയത്തിലും വനിതാ സമ്മേളനം കലാ ഓഡിറ്റോറിയത്തിലും നടക്കും. ശാരോൻ മെലഡീസ് ഗാനങ്ങൾ ആലപിക്കും. റീജിയൻ പ്രസിഡന്റ് പാസ്റ്റർ തോമസ് ബേബിയുടെ നേതൃത്വത്തിൽ പാസ്റ്റർരായ റോയി എം. ചാക്കോ, കെ.പി. മാത്യു, ബ്രദർ ഷോബി തോമസ് തുടങ്ങിയവർ കൺവീനേഴ്സായി പ്രവർത്തിക്കുന്നു. 09. 02. 2025 ഞായറാഴ്ച സംയുക്ത സഭായോഗത്തോടെ കൺവൻഷൻ സമാപിക്കും.

പാസ്റ്റർ എം.വി.വർഗ്ഗീസ് ശതാബ്ദി മന്ദിരം: സമർപ്പണ ശുശ്രൂഷ ജനു. 25 ന്

ആലപ്പുഴ: ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ ആലപ്പുഴ ഈസ്റ്റ് ഡിസ്ട്രിക്ടിന്റെ സുവർണ ജൂബിലിയോടനുബന്ധിച്ചും, സുദീർഘ വർഷങ്ങൾ ഈ ഡിസ്ട്രിക്ടിന്റെ നേതൃത്വം വഹിച്ച്, ഒരു നൂറ്റാണ്ടിലെ ധന്യമായ ജീവിതവും ഏഴര പതിറ്റാണ്ടിലെ അനുഗൃഹീതമായ ക്രിസ്തീയ ശുശ്രൂഷയും തികച്ച ശേഷം നിത്യതയിൽ വിശ്രമിക്കുന്ന പാസ്റ്റർ എം.വി. വർഗ്ഗീസിന്റെ ജന്മശതാബ്ദിയുടെയും ഭാഗമായി വിഭാവന ചെയ്ത ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് തുടക്കമായി.

ജീവകാരുണ്യ പദ്ധതിയുടെ പ്രധാന സംരംഭമെന്ന നിലയിൽ മാവേലിക്കര കണ്ടിയൂരിൽ (തട്ടാരമ്പലം വിഎസ്എം. ഹോസ്പിറ്റലിനു സമീപം) വാങ്ങിയ ഭവനത്തിന്റെ 'പാസ്റ്റർ എം.വി. വർഗ്ഗീസ് ശതാബ്ദി മന്ദിരം' - സമർപ്പണ ശുശ്രൂഷയും പൊതുസമ്മേളനവും ജനുവരി 25 ശനിയാഴ്ച രാവിലെ 10 ന് നടക്കും.

അർഹരായവർക്ക് പാർപ്പിട സമുച്ചയം, വിവാഹ സഹായം, പഠന സഹായം തുടങ്ങിയ ബൃഹത്തായ ജീവകാരുണ്യ പദ്ധതികൾ നടപ്പിലാക്കും. ഐപിസി ആലപ്പുഴ ഈസ്റ്റ് ഡിസ്ട്രിക്ട് മിനിസ്റ്റർ പാസ്റ്റർ ബി. മോനച്ചൻ കായംകുളം അദ്ധ്യക്ഷത വഹിക്കും. കേരളാ സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ ഏബ്രഹാം ജോർജ്ജ് സമർപ്പണ ശുശ്രൂഷ നിർവഹിക്കും. കേരളാ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ സന്ദേശം നൽകും. തുടർന്നു നടക്കുന്ന പൊതുസമ്മേളനത്തിൽ വിവിധ സഭാനേതാക്കന്മാരും സാമൂഹ്യ- രാഷ്ട്രീയ പ്രവർത്തകരും മാധ്യമ പ്രവർത്തകരും ആശംസകൾ അറിയിക്കും.

സുവർണ്ണ ജൂബിലി ചാരിറ്റി കമ്മറ്റി ഭാരവാഹികളായ കെ.ജെ. മാത്യുക്കുട്ടി, ജോസ് ജോൺ കായംകുളം, ജോയി കുന്നിൽ, എം.വി. ഫിലിപ്പ്. ഡി.എച്ച്. എഡിസൻ, പാസ്റ്റർമാരായ എം.ഒ. ചെറിയാൻ, റെജി ചെറിയാൻ എന്നിവർ നേതൃത്വം നൽകും.

നാഗൽ കീർത്തന അവാർഡ് സമ്മാനിച്ചു

ചിക്കാഗോ: ക്രൈസ്തവ സാഹിത്യ അക്കാദമി വി. നാഗൽ കീർത്തന അവാർഡ് പാസ്റ്റർ സാംകുട്ടി മത്തായിക്ക് ചിക്കാഗോ ഗോസ്പൽ മീഡിയ അസോസിയേഷൻ സംഘടിപ്പിച്ച ചടങ്ങിൽ വച്ച് രക്ഷാധികാരി കെ.എം. ഈപ്പൻ അവാർഡ് സമ്മാനിച്ചു. സിജി എം.എ. ജനറൽ സെക്രട്ടറി കുര്യൻ ഫിലിപ്പ് മംഗള പത്രം നൽകി. ജെയിംസ് ജോസഫ് അവാർഡ് ജേതാവിനെ സദസ്സിന് പരിചയപ്പെടുത്തി. എഫ്പിസിസിയുടെ ഉപഹാരം കൺവീനർ ഡോ. വില്ലി ഏബ്രഹാം നൽകി. പ്രശസ്ത സാഹിത്യകാരൻ റവ. ജോർജ് മാത്യു പുതുപ്പള്ളി അച്ചൻ മുഖ്യാതിഥിയായിരുന്നു. സിജി എം.എ. പ്രസിഡന്റ് ഡോ അലക്സ് ടി. കോശി, വൈസ് പ്രസിഡന്റ് ഡോ ടൈറ്റസ് ഈപ്പൻ, ജോയിന്റ് സെക്രട്ടറി ഡോ ബിജു ചെറിയാൻ, ട്രഷറർ ജോൺസൺ ഉമ്മൻ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. ക്രൈസ്തവ സാഹിത്യ അക്കാഡമിയുടെ പ്രസിഡണ്ടായി ടോണി വി. ചെവുക്കാരനും ജനറൽ സെക്രട്ടറിയായി സജി മത്തായി കാതെട്ടും പ്രവർത്തിക്കുന്നു

ക്രൈസ്തവ എഴുത്തുകാരുടെ സംഭാവനകൾ വിലമതിക്കാനാവാത്തത്: ബ്രദർ ജയിംസ് വർഗീസ് ഐഎഎസ്

പത്തനംതിട്ട: സുവിശേഷത്തിന്റെ വ്യാപനത്തിനും സഭകളുടെ വളർച്ചയ്ക്കും ക്രൈസ്തവ എഴുത്തുകാർ രചനകളിലൂടെ നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണെന്ന് മുൻ കേരള അഡീഷണർ ചീഫ് സെക്രട്ടറി ബ്രദർ ജെയിംസ് വർഗീസ് ഐഎഎസ് പറഞ്ഞു. പത്തനംതിട്ട സുവിശേഷാലയത്തിൽ നടന്ന ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ 37-ാമത് വർഷിക സമ്മേളനവും അവാർഡ് വിതരണവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

അക്കാദമി പ്രസിഡന്റ് ടോണി ഡി. ചെവ്വൂക്കാരൻ അധ്യക്ഷനായിരുന്നു. പ്രശസ്ത എഴുത്തുകാരനും മാധ്യമ പ്രവർത്തകനുമായ ബ്രദർ ജോർജ് കോശി മൈലപ്ര മുഖ്യ പ്രഭാഷണം നിർവഹിച്ചു. ദൈവത്തിനുവേണ്ടി എഴുതിക്കൊണ്ടിരിക്കുകയെന്നതാണ് ക്രൈസ്തവ എഴുത്തുകാരുടെ ദൗത്യമെന്ന് അദ്ദേഹം പറഞ്ഞു. ക്രൈസ്തവ മിഷനറിമാർ സമൂഹത്തിൽ ചെയ്ത മിഷൻ പ്രവർത്തനങ്ങളെ കുറിച്ചും സാമൂഹിക ഇടപെടലുകളെക്കുറിച്ചും ഇവാ. ജെ.സി. ദേവ് പ്രഭാഷണം നടത്തി. അക്കാദമി ജോ. സെക്രട്ടറി എം.വി. ബാബി കല്ലിശ്ശേരി സ്വാഗതം പറഞ്ഞു. ജനറൽ സെക്രട്ടറി സജി മത്തായി കാതേട്ട് അക്കാദമിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ 2024 ലെ സമഗ്ര സംഭാവനയ്ക്കുള്ള അവാർഡുകൾ ബ്രദർ കെ.എ. ഫിലിപ്പിനും (വില്യം കേറി അവാർഡ്), പാസ്റ്റർ മനു ഫിലിപ്പിനും (കെ.വി. സൈമൺ സാഹിത്യ അവാർഡ്), പാസ്റ്റർ മത്തായി സാംകുട്ടിയ്ക്കും (മിഷനറി വി. നാഗൽ കീർത്തന അവാർഡ്) നൽകി. മത്തായി സാംകുട്ടിയ്ക്കുവേണ്ടി സിസ്റ്റർ ജോയ്സ് ദേവ് അവാർഡ് ഏറ്റു വാങ്ങി. അക്കാദമി ഭാരവാഹികളായ ലിജോ വർഗീസ് പാലമറ്റം, സാം കൊണ്ടാഴി. ഷാജി മാറാനാഥാ എന്നിവർ അവാർഡ് ജേതാക്കളെ പരിചയപ്പെടുത്തി. ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ മുഖപത്രമായ ക്രൈസ്തവ സാഹിതിയുടെ പുതിയ പതിപ്പ് അക്കാദമി വൈസ് പ്രസിഡണ്ട് പാസ്റ്റർ ബാബു ജോർജ് പത്തനാപുരം ഗുഡ്ന്യൂസ് പത്തനംതിട്ട ജില്ലാ കോർഡിനേറ്റർ പാസ്റ്റർ സാം പനച്ചയിലിനു നൽകി പ്രകാശനം ചെയ്തു.

അവാർഡ് ജേതാക്കളായ ബ്രദർ കെ.എ. ഫിലിപ്പ്, പാസ്റ്റർ മനു ഫിലിപ്പ് എന്നിവരും പാസ്റ്റർ ബാബു ജോർജ് പത്തനാപുരം, മാധ്യമ പ്രവർത്തകൻ കെ.എൻ. റസ്സൽ, പിവൈപിഎ സംസ്ഥാന ജോ. സെക്രട്ടറി സന്ദീപ് വിളമ്പുകണ്ടം, പാസ്റ്റർ വി.എം. ജോൺ എന്നിവർ പ്രസംഗിച്ചു. ബ്രദർ ആലിച്ചൻ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

SWARGEEYADWANI

CHRISTEEYA PATHRAM

REGISTERED NEWSPAPER
PUBLISHED ON 25.01.2025

SWARGEEYADWANI
Post Box # 35. K.S.R.T.C. Jn.,
Adoor 691 523, Kerala
Tel:04734 290686, Mob.9447593865

Vol. 26 | Issue. 1&2 | RNI. No. KERMAL/2002/09730 | Annual Subscription 200 | Pages 8

അകപ്പുറം

ഷാജൻ ജോൺ
ഇടയ്ക്കാട്
9946206781

ഇരുട്ടു പരക്കുമ്പോൾ

യെരുശലേമിലും പരിസരങ്ങളിലും നല്ല വാർത്തയായി നിറഞ്ഞു നിന്നിരുന്നു യേശുനാഥൻ. സമൂഹത്തിലെ ഏറ്റവും താഴ്ന്നവരിൽ പ്രതീക്ഷാനിർഭരമായ തിരിനാളങ്ങൾ തെളിക്കുന്നതിന് ആ ധന്യ ജീവിതം പ്രചോദനമേകി. അത് യഹൂദ സമൂഹം വളരെ കെട്ടുറപ്പോടെ മികച്ച ഭരണ സംവിധാനത്തോടെ നയിക്കുന്ന കാലവുമാണ്. ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ഒരു കുറവുമില്ല. ജനങ്ങൾക്ക് സൗഖ്യമോ സമാധാനമോ പ്രതീക്ഷയോ ഒന്നും തന്നെ കിട്ടുന്നില്ലെങ്കിലും അവർ സമുദായത്തിന്റെ വേലിക്കെട്ടുകൾക്കുള്ളിൽ ജീവിക്കുവാൻ നിർബന്ധിതരായിരുന്നു.

സാധാരണക്കാരുടെ പ്രശ്നങ്ങൾ സങ്കീർണമായിരുന്നു. അവരെ ശരിക്കൊന്നു കാണാനോ കേൾക്കാനോ ഒരു പുരോഹിതനും സമയമില്ല. പ്രശ്നങ്ങൾ അടിക്കടി വർദ്ധിക്കുന്നതല്ലാതെ ഒന്നിലും യാതൊരു കുറവുമില്ല. രോഗികൾ ചികിത്സിച്ചു വശം കെട്ടു, കയ്യിലെ കാശു തീർന്നപ്പോൾ അവരും തെരുവിലായി, രോഗികൾ മാത്രമല്ല വിവിധ ജീവിത പ്രശ്നങ്ങൾ വർദ്ധിക്കുന്നതല്ലാതെ ഒന്നിന്നും ഒരിടത്തും പരിഹാരമില്ല. ദേവാലയങ്ങൾ വിളക്കുകളുടെ വെളിച്ചത്തിൽ വെട്ടി വിളങ്ങുന്നുണ്ട് പക്ഷെ ജീവിതങ്ങളിൽ ഇരുട്ടു മാത്രമാണുള്ളത്. രോഗികൾ, പീഡിതർ, നിരാലംബർ തുടങ്ങി വ്യത്യസ്ത ജീവിത തുറകളിലുള്ളവരിലേക്ക് നടന്നടുക്കുവാൻ ഒരു പുരോഹിതനും സമയമില്ല. ആ ജീവിതങ്ങളിലേക്ക് ആശ്വാസമാകുവാൻ അവർക്കാർക്കും തിരക്കൊഴിഞ്ഞ സമയവുമില്ല. ഇന്നും ചിലയിടത്തൊക്കെ ഇതൊക്കെ തന്നെയാണ് സ്ഥിതി. സ്നേഹപൂർവ്വം അപരനിലേക്ക് എത്തുവാൻ പലർക്കും ഇന്നും വഴി നിശ്ചമില്ല. ഇനി എത്തിയാലും തെരുവിൽ പ്രാർത്ഥിക്കുന്ന പരീശനു സമമാണ് പലരും. ചിലരൊക്കെ അതിനെക്കാൾ കഷ്ടവും.

ദൈവവും ദേവാലയവും വിശ്വാസവും ഒക്കെ ഉണ്ടായിരുന്നിട്ടും അരാജകത്വവും അരക്ഷിതാവസ്തയും അഭംഗുരം വാഴുന്നിടം ഇരുളിന്റെ താവളമാണ്. ആ ഇരുട്ടിൽ ആരെയും ഒരു പാട് നാൾ തളച്ചിടുവാൻ കഴിയില്ലല്ലോ. ജീവിതത്തിന് പ്രതീക്ഷയും സൗഖ്യവും സമാധാനവും അർത്ഥവും ലഭിക്കുന്നിടത്തേക്ക് പുഴ പോലെ മനുഷ്യർ ഒഴുകുക തന്നെ ചെയ്യും. അതും അപ്രതീക്ഷിത ഇടങ്ങളിൽ നിന്നു പോലും.

അതാണ് യേശുവിലേക്ക് ഒഴുകിയെത്തുന്ന ജനസാഗരത്തിന്റെ സാക്ഷ്യം ലോകത്തെ പഠിപ്പിക്കുന്നത്. അടിയുറപ്പുള്ള ഒരു സമുദായത്തിന്റെ ബന്ധനത്തിൽ നിന്നും ജനത തെന്നി മാറുന്ന കാഴ്ച. യേശുനാഥൻ അതിസാധാരണ ഇടങ്ങളിലേക്ക് നടന്നടുത്തപ്പോൾ ജനം അവിടുത്തേക്ക് ഒഴുകിയെത്തി. സ്വന്തം ജീവിതത്തിന്റെ ആശ്രയത്വത്തിലേക്കും അതിന്റെ സംതൃപ്തിയിലേക്കും യേശുനാഥൻ ശ്രദ്ധിച്ചിരുന്നെങ്കിൽ ആ ചരിത്രം മറ്റൊന്നേ ആകുമായിരുന്നുള്ളു. കാര്യമായ ഒരു ചലനവും സൃഷ്ടിക്കാത്ത ഒരു പ്രശ്നങ്ങൾക്കും പരിഹാരമാവാത്ത ഒരിടം.

യേശുനാഥൻ ദൈവവുമായുള്ള ബന്ധത്തിന്റെ ഇഴയടുപ്പം ഒട്ടും കുറച്ചില്ലെന്ന് മാത്രമല്ല സ്വന്തം ജീവിതത്തിന്റെ സൗകര്യങ്ങളെക്കുറിച്ചു ശ്രദ്ധാലുവേയായിരുന്നില്ല. സ്വന്തം ജീവിതത്തിനെ കുറിച്ച് അധികം ആകുലതയുണ്ടായാൽ ചെറിയ വിഷയങ്ങൾ പോലും മാർഗ്ഗതടസം സൃഷ്ടിച്ചേക്കാം. മനസ് പതറിപ്പോകാം. വ്യത്യസ്ത ചിന്തകൾ നമ്മെ അസ്വസ്ഥപ്പെടുത്തിയേക്കാം. ദൈവവുമായി ദൃഢമായ സ്നേഹത്തിൽ കർമ്മപഥത്തിൽ നിരതരാവുകയാണെങ്കിൽ നാം അത്ഭുതങ്ങളുടെ അരുവികളായി മാറും. നമ്മിൽ നിന്നും ദാഹിക്കുന്നവർ പാനം ചെയ്യും. തീരത്ത് നില്കുന്നവർക്ക് ലഭിക്കുന്ന നനവ് ജീവന്റെ പച്ചപ്പ് നല്കും. യേശു നാഥന്റെ ജീവിതയാത്രയിൽ നാം കാണുന്നത് അതല്ലേ. അവിടുന്ന് ഒഴുകിയിടത്തെല്ലാം ജീവന്റെ നനവ് പകർന്നു. പുതുജീവൻ നല്കി. സൗഖ്യവും വിടുതലും ലഭിച്ചവർ സമൂഹത്തെ ഇളക്കിമറിച്ചു. ജീവിതം അസ്തമിച്ചു എന്നു കരുതിയവരിൽ പുതിയൊരുദയം നല്കി. അപമാനം മൂലം തല കുനിച്ചവർ അന്തസ് നിറഞ്ഞ് തലയുയർത്തി.

അങ്ങനെ യേശുനാഥന്റെ വ്യത്യസ്തമായ പ്രവർത്തനരീതിയിലൂടെ സമൂഹത്തിന്റെ ആചാരങ്ങളുടെയും സ്ഥാപനങ്ങളുടെയും അടിവേരിളകി. അർത്ഥമുള്ള പ്രവർത്തനങ്ങളിലൂടെ സമൂഹത്തെ അതിശയകരമായ മാറ്റത്തിലേക്ക് നയിച്ചു. ഇതൊക്കെ സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ചർച്ച ചെയ്യപ്പെട്ടു. യേശുവിന്റെ പ്രവർത്തനം മൂലം വല്ലാതെ വിറളി പൂണ്ട യഹൂദ സമുദായത്തിൽപ്പോലും സജീവ ചർച്ചയായി.

ഒരു രാത്രിസമയമാണ് യഹൂദൻമാരുടെ ഭരണസമിതിയംഗമായ നിക്കോദേമോസ് യേശുവിലേക്കെത്തുന്നത് . വലിയ അംഗീകാരവുമായിട്ടാണ് ആ വരവ്. തന്റെ സമൂഹത്തിന്റെ പരാജയങ്ങളിലേക്ക് ഇറങ്ങി വന്ന് ജനത്തിന് വിടുതൽ കല്പിക്കുന്ന യേശു നാഥന്റെ ദൈവീക നിയോഗത്തെക്കുറിച്ചാണ് ആ രാത്രി സംസാരം. വളരെ സജീവമായിരുന്നു ആ സംഭാഷണം. സ്നേഹപൂർണമാണ് യേശുനാഥന്റെ സമീപനമെങ്കിലും നിലപാടുകൾക്ക് നല്ല ഉറപ്പുണ്ടെന്നത് പ്രത്യേകതയാണ്. ആളുകളുടെ പദവി നോക്കി ഉപദേശത്തിൽ വെള്ളം ചേർക്കുന്നത് അവിടെങ്ങും കാണാനേയില്ല. ദൈവം ലോകത്തെ എത്ര മാത്രം സ്നേനിക്കുന്നുവെന്നതിന് ഉദാഹരിക്കുന്ന യോഹന്നാൻ മൂന്നിന്റെ പതിനാറാം വാക്യം യേശുനാഥൻ യഹൂദഭരണ സമിതിയംഗമായ നിക്കോദേമോസിനൊടു പറയുന്നതാണ്. ആ സംഭാഷണത്തിൽ നിന്നും ലോകത്തിന് ലഭിച്ച സമ്മാന വാക്യമാണതെന്ന് പറയാം. അവർ ഒരിക്കലേ നേരിൽ കണ്ടിട്ടുള്ളൂ. അതും ഒരു രാക്കാലം. ചൊവ്വേ നേരെ കണ്ടൊയെന്നും അറിയില്ല. ചെറിയ ഒരു ഒത്തുച്ചേരൽ എന്നിട്ടും അതു ചരിത്ര പ്രസിദ്ധമായി. ചെറുതായി എന്നതു കൊണ്ട് നാം കുറച്ച് കാണരുത്. ഒറ്റത്തവണ മാത്രം കണ്ടതിനാൽ അർത്ഥം ഇല്ല എന്നും കരുതരുത്. എല്ലാത്തിനും ഒരു കാരണമുണ്ട്, നിയോഗമുണ്ട്.

ആ ഇരുട്ടുകാലത്തെ മുഖാമുഖം നിക്കൊ ദേമൊസിന്റെ മനസിലെ ഇരുട്ടിനെയാണ് മായിച്ചു കളഞ്ഞത്. യഥാസ്ഥിതികതയുടെ ഇരുട്ടിലേക്ക് യേശുനാഥന്റെ വെളിച്ചം വാസമാക്കി. ആ വെളിച്ചമാണ് പിന്നീട് ആ ജീവിതത്തെ നയിച്ചതെന്നു തന്നെ പറയാം. അതു കൊണ്ടാണല്ലോ പിന്നീടൊരിക്കൽ യഹൂദ ഭരണ സമിതിയിൽ യേശുനാഥന് വേണ്ടി ആ ശബ്ദം ഉയർന്നത്. നിക്കൊ ദേമോസ് പിന്നീട് അനുദിനം യേശുവിൽ വളരുകയായിരുന്നു എന്നു തന്നെ കരുതണം. അത്ഭുതങ്ങളും അടയാളങ്ങളും കാണുമ്പോൾ ഉണ്ടാകുന്ന മാനസാന്തരം പലപ്പോഴും മുളയിലെ വാടിപ്പോകാറുണ്ട്. മാനസാന്തരം ശരിയായ ബോധ്യങ്ങളിലേക്ക് നയിക്കപ്പെടുന്നതാവണം. അതാണ് നിക്കൊദെമൊസിൽ സംഭവിച്ചത് എന്നു പില്ക്കാലചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

പിന്നീട് നിക്കൊദേമൊസിനെ കാണുന്നത് അരിമഥ്യയിലെ യോസഫിനൊപ്പമാണ്. രണ്ട് ''രഹസ്യ ക്രിസ്ത്യാനികളും' ഇപ്പോൾ ഒത്തു ചേർന്നിരിക്കുന്നത് യേശുവിന്റെ ചേതനയറ്റ ശരീരം വാങ്ങി അടക്കം ചെയ്യുന്നതിനു വേണ്ടിയാണ്. യേശുവിന്റെ ശിഷ്യർക്കോ അത്രയടുപ്പം ഉണ്ടായിരുന്ന പലർക്കും പുറത്തിറങ്ങുവാൻ പോലും കഴിയാത്ത സന്ദർഭം. അപ്പോഴാണ് അവർ ഇരുവരും അവരുടെ ജീവിതത്തിലെ ഏറ്റവും ക്ലേശകരമായ തീരുമാനവുമായി മുന്നിട്ടിറങ്ങുന്നത്. അകത്ത് ജീവൻ വളരുന്നുണ്ടെങ്കിൽ അത് ഏറ്റവും പ്രതിസന്ധിയേറുന്ന ഘട്ടത്തിൽ മുളപൊട്ടി പുറത്തു വരിക തന്നെ ചെയ്യും. ലോകം സത്യത്തെ കുരിശിൽ തറയ്ക്കുമ്പോഴാണ് നമ്മുടെ ഉള്ളിൽ വളരുന്ന വെളിച്ചം പുറത്തു വരേണ്ടത്, ഇരുട്ടിനെ മായ്ക്കേണ്ടത്. അതിനു കഴിയുന്നില്ലെങ്കിൽ ഉള്ളിൽ വെളിച്ചമില്ലെന്ന് തിരിച്ചറിയണം.

നമ്മുടെ ജീവിതത്തെ കുറിച്ചാണ് ആദ്യ ശ്രദ്ധയെങ്കിൽ ചുറ്റും വരുന്ന ചെറിയ തടസങ്ങൾ പോലും നമ്മെ ശല്യപ്പെടുത്തിക്കൊണ്ടേയിരിക്കും. പകരം യേശുവുമായി ദിവ്യമായ സ്നേഹത്തിൽ വസിക്കുകയാണെങ്കിൽ ലോകത്തിലൊന്നിനും നമ്മെ കുലുക്കുവാനെ കഴിയുകയില്ല. സമൂഹം തുറിച്ചു നോക്കുമ്പോഴും നാം ഉറച്ച തീരുമാനവുമായി മുന്നോട്ടു പോകുക തന്നെ ചെയും അരിമത്യയിലെ യോസഫിനെയും നിക്കോദെമോസിനെയും പോലെ. ഇരുട്ടു പരക്കുമ്പോൾ ഉറച്ച തീരുമാനമെടുത്തുകൂടെ!

തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രി നവതി നിറവിൽ

തിരുവല്ല: മധ്യതിരുവതാംകൂറിലെ ആരോഗ്യ പരിപാലന രംഗത്ത് വെള്ളി നക്ഷത്രമായി പ്രശോഭിക്കുന്ന തിരുവല്ല മെഡിക്കൽ മിഷൻ (സായിപ്പിന്റെ ആശുപത്രി) നവതിയുടെ നിറവിൽ. ഒരു വർഷം നീണ്ടു നിൽക്കുന്ന നവതി ആഘോഷങ്ങളുടെ ഉദ്ഘാടനം ജനുവരി 19 ന് സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജ് നിർവഹിച്ചു. സാംസ്ക്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ മുഖ്യ അതിഥിയായി പങ്കെടുത്തു. എംപിമാരായ ആന്റോ ആന്റണി, കൊടിക്കുന്നിൽ സുരേഷ്, ഫ്രാൻസിസ് ജോർജ്ജ്, എംഎൽഎമാരായ മാത്യു ടി. തോമസ്, ജെനീഷ് കുമാർ, പ്രമോദ് നാരായൺ, ജോബ് മൈക്കിൾ, എം.എസ്. അരുൺകുമാർ മുൻസിപ്പൽ ചെയർ പേഴ്സൺ അനു ജോർജ്ജ് എന്നിവർ വിവിധ പരിപാടികൾക്ക് തുടക്കം കുറിച്ചു. സാമൂഹ്യ നന്മ ലക്ഷ്യമാക്കിയുള്ള 8 പരിപാടികളാണ് ഉദ്ഘാടനം ചെയ്തത്.

1935 ൽ ചെറിയ തോതിൽ തുടക്കം കുറിച്ച തിരുവല്ല മെഡിക്കൽ മിഷൻ ഇന്ന് 400 കിടക്കകളുള്ള മധ്യതിരുവിതാംകൂറിലെ മികച്ച ആതുര സേവന കേന്ദ്രമായി വളർന്നു. ടിഎംഎം ആശുപത്രി റാന്നി, ടിഎംഎം ആശുപത്രി കങ്ങഴ, ടി.എം.എം. നേഴ്സിംഗ് കോളജ്, ടിഎംഎം അക്കാഡമി, പ്രമേഹ ക്ലിനിക്ക് എന്നിവ തിരുവല്ലാ മെഡിക്കൽ മിഷന്റെ ഭാഗമായി പ്രവർത്തിച്ചു വരുന്നു. 29 വിഭാഗങ്ങളുള്ള ടിഎംഎം ഒരു മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയായി വളർന്നു. ആശുപത്രിയിലെത്തുന്ന നിർദ്ധനരായ രോഗികൾക്ക് സൗജന്യ സേവനവും നൽകി വരുന്നു.

ഇന്ത്യയിൽ സ്വവർഗ വിവാഹങ്ങൾക്ക് നിയമ സാധുത ഇല്ല: സുപ്രീം കോടതി

ന്യൂഡൽഹി: ഇന്ത്യയിൽ സ്വവർഗ വിവാഹങ്ങൾക്ക് നിയമ സാധ്യത ഇല്ല എന്നുള്ള സുപ്രീം കോടതി വിധി ശരിവെച്ചു സുപ്രീം കോടതി അഞ്ചംഗ ബെഞ്ച്. സ്വവർഗ വിവാഹങ്ങൾക്കുള്ള നിയമ സാധുത ഇല്ലാതാക്കിയ വിധിയെ ചോദ്യം ചെയ്തുള്ള പുനഃപരിശോധനാ ഹരജികൾ പരിഗണിക്കില്ലെന്ന് സുപ്രീം കോടതി. സ്വവർഗ വിവാഹങ്ങൾക്ക് നിയമപരമായ അനുമതി നൽകുന്നതിന് ഭരണഘടനാപരമായ അടിസ്ഥാനമില്ലെന്ന് സുപ്രീംകോടതി വിധിയിൽ നേരത്തെ അഭിപ്രായപ്പെട്ടിരുന്നു. തുടർന്നാണ് വിധിയെ ചോദ്യം ചെയ്ത് ഹർജികൾ എത്തിയത്. 2023ലെ വിധിയെ ചോദ്യം ചെയ്തുള്ള ഹരജികൾ ജസ്റ്റിസുമാരായ ബി.ആർ. ഗവായ്, സൂര്യകാന്ത്, ബി.വി. നാഗരത്ന, പി.എസ്. നരസിംഹ, ദീപാങ്കർ ദത്ത എന്നിവരടങ്ങിയ ബെഞ്ചാണ് പരിഗണിച്ചത്.

ഇത് സംബന്ധിച്ച സുപ്രീം കോടതി വിധി നിയമാനുസൃതമാണെന്നും കൂടുതൽ ഇടപെടൽ ആവശ്യമില്ലെന്നും അഞ്ചംഗ ബെഞ്ച് വ്യക്തമാക്കി. 2023 ഒക്ടോബറിലാണ് അന്നത്തെ ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡിന്റെ നേതൃത്വത്തിലുള്ള ഭരണഘടനാ ബെഞ്ച് സ്വവർഗ വിവാഹങ്ങൾക്ക് നിയമസാധുത നൽകാൻ വിസമ്മതിച്ച് വിധി പ്രഖ്യാപിച്ചത്. ഭരണഘടന പ്രകാരം വിവാഹം മൗലികാവകാശമായി കണക്കാക്കാൻ കഴിയില്ലെന്നും നിയമ സാധൂകരണത്തിനായി പാർലമെന്റിന് പരിഗണിക്കാമെന്നും വ്യക്തമാക്കി.

Printed, Published, Owned and Edited by : Sheroy Joseph. Printed at Avanakulam Offset Press Karthigappally
Design & Typesetting Jyothis Graphics, Adoor. Managing Editor : Joy Thumpamon